# കുടുംബശ്രീ വാർത്താപത്രിക

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

ലക്കം 47 | 2013 ജൂലൈ 16–31 | www.kudumbashree.org


## കുട്ടികളുടെ അവകാശസംരക്ഷണം ഉറപ്പാക്കും: മന്ത്രി ഡോ.എം.കെ.മുനീർ

**കുട്ടികൾക്കുവേണ്ടി കുടുംബശ്രീ ബാലസഭയ്ക്കൊപ്പം ഇനി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും**



*കുട്ടികളുടെ കൂട്ടായ്മ സംവാദം@0–18 പരിപാടിയിൽ പങ്കെടുക്കാനെത്തിയ കുടുംബശ്രീ ബാലസഭാംഗങ്ങൾ പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ നീലാ ഗംഗാധരൻ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി.വത്സലകുമാരി എന്നിവർക്കൊപ്പം*

കുട്ടികൾക്ക് തങ്ങളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് ജീവിക്കാനുള്ള സാഹചര്യമൊരുക്കുമെന്ന് പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ. കുടുംബശ്രീയും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും സംയുക്തമായി സംഘടിപ്പിച്ച കുട്ടികളുടെ കൂട്ടായ്മ സംവാദം @0–18' തിരുവനന്തപുരത്ത് കനകക്കുന്നിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഇന്ന് കുട്ടികൾക്കെതിരേയുള്ള പീഡനങ്ങൾ വർദ്ധിച്ചു വരികയാണ്.ഏത് തരത്തിലുള്ള പ്രശ്നങ്ങളാണ് തങ്ങൾ അനുഭവിക്കുന്നതെന്നും അതിന് എന്തെല്ലാം പരിഹാരങ്ങളാണ് വേണ്ടതെന്ന് പറയേണ്ടതും കുട്ടികൾ തന്നെയാണ്. തങ്ങളുടെ അവകാശങ്ങളെക്കുറിച്ചുള്ള ബോധം കുട്ടികളിൽ ഉണ്ടാക്കാൻ ഇത്തരത്തിലുള്ള കൂട്ടായ്മകൾക്ക് സാധിക്കും. കുടുംബശ്രീ ബാലസഭാംഗങ്ങൾ ഇന്ന് വളരെയധികം മുന്നേറിയിരിക്കുന്നു. സഹപാഠിയുടേയോ അയൽക്കാരന്റേയോ പ്രശ്നങ്ങൾ കാണാനും അധികാരികളുടെ ശ്രദ്ധയിൽപെടുത്താനും കുടുംബശ്രീ ബാലസഭകളിലെ കുട്ടികൾക്ക് കഴിയണമെന്നും മന്ത്രി പറഞ്ഞു.

കുട്ടികളുടെ കൂട്ടായ്മയിൽ നിന്നു തന്നെയാണ് പുതിയൊരു അവകാശ ബോധത്തിനും അവകാശ സംരക്ഷണത്തിനുമായി രൂപം കൊണ്ട ബാലാവകാശ സംരക്ഷണ കമ്മീഷന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നത്. കുട്ടികൾക്ക് എല്ലാ മേഖലയിലും സംരക്ഷണം ലഭിക്കുന്നുണ്ടോ എന്നറിയുന്നതിനും കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അതിനായി ജാഗ്രതയോടെ നിലകൊള്ളുന്ന ബാലാവകാശ കമ്മീഷനു സാധിക്കും. കുട്ടികളുടെ വേദനകളും പ്രശ്നങ്ങളും തുറന്ന് പറയാനും ചർച്ച ചെയ്യാനുമുള്ള വേദി ഒരുക്കുക എന്നതാണ് കുട്ടികളുടെ കൂട്ടായ്മയിലൂടെ ലക്ഷ്യമിടുന്നത്. അവരുടെ പ്രശ്നങ്ങൾ തുറന്ന് ചർച്ച ചെയ്യുന്നതിലൂടെ കുട്ടികളുടെ സാമൂഹികവും സാംസ്കാരികവുമായ അവകാശങ്ങൾ സംരക്ഷിക്കാൻ കഴിയണം. കേരളത്തിലെ ഒരു കുട്ടി പോലും ഇനി പീഡനത്തിന് ഇരയാവില്ല. കുടുംബശ്രീ ബാലസഭാ കുട്ടികളിലൂടെ കേരളത്തിൽ ഒരു ശിശുസൗഹൃദ അന്തരീക്ഷം രൂപപ്പെടുത്താനും അതുവഴി നമ്മുടെ സംസ്ഥാനത്തിനു മറ്റു സംസ്ഥാനങ്ങൾക്കു മുന്നിൽ തലയുയർത്തി നിൽക്കാനും കഴിയണം. സുരക്ഷിതത്വം പോലെ തന്നെ കുട്ടികളുടെ അവകാശമാണ് പോഷകാഹാരവും. വളർച്ചയുടെ ഓരോ ഘട്ടത്തിലും ആവശ്യമായ പോഷകഘടകങ്ങൾ കുട്ടികൾക്ക് ലഭിക്കത്തക്ക വിധത്തിൽ ഒരു പോഷക നയം ഉടൻ രൂപീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

കുട്ടികളുടെ പ്രശ്നങ്ങൾ അറിയാനും അവ പരിഹരിക്കുന്നതിനുമായി ഒരു ഇ–ഫോറം രൂപീകരിക്കാനുള്ള ഒരുക്കങ്ങൾ നടന്നു വരികയാണെന്ന് സംസ്ഥാന ബാലവാകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ നീലാ ഗംഗാധരൻ അദ്ധ്യക്ഷ പ്രസംഗത്തിൽ അറിയിച്ചു. അവകാശങ്ങൾ പൂർണമായി അനുഭവിക്കാൻ കഴിയണമെങ്കിൽ കുട്ടികൾക്ക് അവരുടെ കടമകൾ ചെയ്യാൻ കഴിയണം. കുട്ടികളുടെ പഠനം നന്നായെങ്കിൽ മാത്രമേ കടമകളെന്താണെന്ന് മനസിലാക്കി വളരാൻ അവർക്ക് കഴിയുകയുള്ളൂ. ഇത് സാദ്ധ്യമാകണമെങ്കിൽ അദ്ധ്യാപകർ, രക്ഷിതാക്കൾ, സഹജീവികൾ എന്നിവരെ ആദരിക്കാനും സ്നേഹിക്കാനും കുട്ടികളെ നാം ശീലിപ്പിക്കണം. അതോടൊപ്പം തന്നെ പരിസ്ഥിതിയെ സ്നേഹിക്കാനും പ്രകൃതിയെ അടുത്തറിഞ്ഞ് വളരാനും നാം കുട്ടികളെ പരിശീലിപ്പിക്കണമെന്ന് നീലാ ഗംഗാധരൻ പറഞ്ഞു.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി.വത്സലകുമാരി സ്വാഗതം പറഞ്ഞു. കില ചൈൽഡ് റിസോഴ്സ് സെന്റർ അസോസിയേറ്റ് പ്രൊഫസർ ഡോ.പീറ്റർ.എം.രാജ്, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ എ.പ്രദീപ്കുമാർ, ഹൈടെക് അസിസിസ്റ്റന്റ് കമ്മീഷ.ണർ എൻ.വി ജയകുമാരൻ നായർ എന്നിവർ ക്ളാസുകൾ നയിച്ചു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ എൻ.ജഗജീവൻ കൃതജ്ഞത അറിയിച്ചു.

## കുടുംബശ്രീ ഉൽപന്നങ്ങളുമായി സഞ്ചരിക്കുന്ന വിപണി

കൊല്ലം ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ നിർമിക്കുന്ന ഉല്പന്നങ്ങൾ ഗുണഭോക്താക്കളിൽ എത്തിക്കാൻ സഞ്ചരിക്കുന്ന വിപണി വരുന്നു. കുടുംബശ്രീ ജില്ലാ മിഷനും ജില്ലാ പഞ്ചായത്തും ചേർന്നാണ് വാഹനത്തിലുള്ള വിപണനത്തിന് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഇതിനും അനുമതി ലഭിച്ചിട്ടുണ്ട്.

ജില്ലയിലെ വിവിധ കുടുംബശ്രീ യൂണിറ്റുകൾ നിർമിക്കുന്ന വൈവിധ്യമാർന്ന ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് തികച്ചും ഫലപ്രദമായ ഒരു മാർഗമെന്ന നിലയ്ക്കാണ് സഞ്ചരിക്കുന്ന വിപണിയെന്ന സംവിധാനം ഏർപ്പെടുത്തുന്നത്. ബേക്കറി സാധനങ്ങൾ, വിവിധ തരം അച്ചാറുകൾ, തേൻ, പച്ചക്കറി എന്നിവ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കൾ, മാക്സി, ഫ്രോക്ക് തുടങ്ങിയ വസ്ത്രങ്ങൾ, നോട്ട് ബുക്കുകൾ, ബാഗുകൾ, കുടകൾ, വിവിധ തരം കാർഷിക ഉപകരണങ്ങൾ എന്നിവയും വിൽപനയ്ക്ക് എത്തിക്കും.

ഏരൂർ, തലവൂർ, നെടുമ്പന, ഏഴുകോൺ, കുണ്ടറ എന്നീ പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നു ശേഖരിക്കുന്ന ഉൽപന്നങ്ങളാണ് ആദ്യ ഘട്ടത്തിൽ വിപണനത്തിനെത്തുക. ഇതിനായി ഓരോ പഞ്ചായത്തിലും ഓരോ വാഹനം വീതം വാങ്ങും. ഓരോ വാഹനത്തിലുമുള്ള ഉൽപന്ന വിപണനത്തിനായി അഞ്ചു വനിതകളെ വീതം തിരഞ്ഞെടുക്കും. ഇവർക്ക് മാർക്കറ്റിംഗ്, അക്കൗണ്ടിംഗ് തുടങ്ങിയവയിൽ പരിശീലനം നല്കും. തിരഞ്ഞെടുക്കപ്പെടുന്ന കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങൾക്ക് വാർഡ്തലത്തിൽ പരിശീലനം നല്കും. മികച്ച സ്വയംതൊഴിൽ സംരംഭകരായി ഇവരെ വളർത്തിയെടുക്കാനുള്ള തുടർപരിശീലനങ്ങളും ഉണ്ടാകും. കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് ഉൽപന്നങ്ങൾ വിപണനത്തിനായി നേരിട്ട് വാങ്ങും. യൂണിറ്റുകൾക്കും വിപണനത്തിൽ ഏർപ്പെടുന്ന കുടുംബശ്രീ വനിതകൾക്കും മികച്ച വരുമാനം ലഭ്യമാകും വിധത്തിലാണ് പദ്ധതിയുടെ രൂപകൽപന. വിപണനത്തിനാവശ്യമായ ഉൽപന്നങ്ങൾ വാങ്ങുന്നതിന് വനിതകൾക്ക് ബാങ്ക് ലോണും ലഭ്യമാക്കും. കുടുംബശ്രീ സബ്സിഡിയായി ആറ് ലക്ഷം രൂപയും ലഭിക്കും.

പ്രധാനമായും പൊതുകവലകളിലാവും കുടുംബശ്രീ വാഹനം എത്തുക. വാഹനങ്ങൾ നിർത്തിയിട്ട് ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാനും വില്ക്കാനും സൗകര്യപ്രദമായ വിധത്തിലാണ് വാഹനം സജ്ജീകരിക്കുക. കുടുംബശ്രീയുടെ ബ്രാൻഡ്നെയിമിൽ ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കാനാണ് ശ്രമം.

### കുഞ്ഞമ്മചേച്ചി




**കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി കുടുംബശ്രീ ബാലസഭകൾ**

## ലിങ്കേജ് വായ്പാ വിതരണം

കോട്ടയം ജില്ലയിൽ ടി.വി.പുരം സി.ഡി.എസിലെ 29 അയൽക്കൂട്ടങ്ങൾക്ക് കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷനിൽ നിന്നും 50 ലക്ഷം രൂപ ലിങ്കേജ് വായ്പ അനുവദിച്ചു. വായ്പാ വിതരണോദ്ഘാടനം ടി.വി.പുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കവിതാ റജി നിർവഹിച്ചു. സി.ഡി.എസ് ചെയർപേഴ്സൺ സുമ അനിൽ കുമാർ അദ്ധ്യക്ഷത വഹിച്ചു.

ഈ പരിപാടിയിലൂടെ ടി.വി.പുരം ജില്ലയിൽ നൂറു ശതമാനം ബാങ്ക് ലിങ്കേജ് നേടിയ ആദ്യത്തെ പഞ്ചായത്തായി. കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ അസി.മാനേജർ മനോജ്, മെമ്പർ സെക്രട്ടറി പി.മനോജ്, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ സിന്ധു മധു തുടങ്ങിയവർ പങ്കെടുത്തു.

'അയൽക്കൂട്ട ഭരണ നിർവഹണം' എന്ന വിഷയത്തിൽ കുടുംബശ്രീ അംഗങ്ങൾക്കായി എക്സാത്ത് പരിശീലന ഗ്രൂപ്പിലെ അംഗം ജാൻസി ക്ളാസ് നയിച്ചു.

## വയനാട്ടിൽ കുടുംബശ്രീ സാന്ത്വന പരിചരണ പദ്ധതിക്ക് തുടക്കം

കുടുംബശ്രീ വയനാട് ജില്ലാ മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പെയിൻ ആന്റ് പാലിയേറ്റീവ് ജില്ലാഘടകം എന്നിവ സംയുക്തമായി നടപ്പാക്കുന്ന സാന്ത്വന പരിചരണ പദ്ധതിക്ക് ജില്ലയിൽ തുടക്കമായി. സംസ്ഥാനത്ത് ഈ പദ്ധതി നടപ്പാക്കുന്ന ആദ്യ ജില്ല വയനാടാണ്.

പദ്ധതിയുടെ ഭാഗമായി ചികിത്സ, മരുന്ന് വിതരണം, പരിചരണം, മെഡിക്കൽ ക്യാമ്പ്, ആതുര പരിചരണ സാമഗ്രികളുടെ വിതരണം തുടങ്ങിയവ നടപ്പാക്കാൻ പഞ്ചായത്തുകളിലെ കമ്മ്യൂണിറ്റി പാലിയേറ്റീവ് നഴ്സുമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്. പെയിൻ ആന്റ് പാലിയേറ്റീവ് വൊളണ്ടിയർമാരുടെ സേവനവും പദ്ധതിക്കായി ഉപയോഗിക്കുന്നുണ്ട്.. കുടുംബശ്രീ മുഖേന നടപ്പാക്കുന്ന അഗതി–ആശ്രയ പദ്ധതി ഗുണഭോക്താക്കളായിട്ടുള്ള കിടപ്പിലായവർ, ചലനശേഷിയില്ലാതെ പ്രയാസപ്പെടുന്നവർ, വീട്ടിൽ ഒറ്റപ്പെട്ട് കഴിയുന്ന രോഗികൾ എന്നിവർക്ക് സഹായവും അടിസ്ഥാന പരിചരണവും ഉറപ്പാക്കും. ഒരു നിശ്ചിത ദിവസം ആശ്രയ ഗുണഭോക്താക്കൾക്ക് പ്രത്യേകമായി നഴ്സിംഗ് പരിചരണവും മരുന്ന് വിതരണവും നടത്തും. വീടുകളിൽ പരിചരണം ആവശ്യമുള്ള അഗതി–ആശ്രയ ഗുണഭോക്താക്കളുടെ ലിസ്റ്റ് സി.ഡി.എസ് ചെയർപേഴ്സൺമാർ തയ്യാറാക്കി പെയിൻ ആന്റ് പാലിയേറ്റീവ് നഴ്സുമാർക്ക് കൈമാറും.

പദ്ധതി നടപ്പാക്കുന്നതിന്റെ മുന്നോടിയായി പഞ്ചായത്തുകളിൽ പരിശീലനം ലഭിച്ച നഴ്സുമാരുടെ നിയമനം പൂർത്തിയായി. അധികമായി വരുന്ന നഴ്സുമാർക്കുള്ള പരിശീലനം, പരിശീലന ഫീസ്, സ്റ്റൈപെൻഡ് എന്നിവ കുടുംബശ്രീയാണ് വഹിക്കുന്നത്. പരിശീലനം പൂർത്തിയാക്കിയ കമ്മ്യൂണിറ്റി പാലിയേറ്റീവ് നഴ്സുമാർക്ക് 6000 രൂപ കുടുംബശ്രീ ഓണറേറിയമായി നൽകുന്നുണ്ട്. സംസ്ഥാന റിസോഴ്സ് സെന്റർ ഇൻ പാലിയേറ്റീവ് കെയറിന്റെ അംഗീകാരമുള്ള പാലിയേറ്റീവ് കെയർ ട്രെയിനിംഗ് സെന്ററുകളിലാണ് ഇവർക്ക് പരിശീലനം നൽകിയത്. കമ്മ്യൂണിറ്റി പാലിയേറ്റീവ് നഴ്സുമാർ മുഖേന അഗതി–ആശ്രയ പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് മരുന്നും തുടർ ചികിത്സയും നഴ്സിംഗ് പരിചരണവും ആരോഗ്യ സേവനവും വീടുകളിൽ ഉറപ്പാക്കും. തുടർചികിത്സ, മരുന്ന് വിതരണം, ആവശ്യമായ ചികിത്സാ ഉപകരണങ്ങൾ, ഹെൽത്ത് കാർഡ് വിതരണം, രോഗത്തെക്കുറിച്ചുള്ള ശാസ്ത്രീയമായ വിലയിരുത്തൽ, ബോധവൽക്കരണം, പരിശീലനങ്ങൾ, കാര്യക്ഷമമായ ആരോഗ്യപ്രവർത്തനങ്ങൾ, പരിചരണ റിപ്പോർട്ട് തയ്യാറാക്കൽ എന്നിവയും ഇവരിലൂടെ നടപ്പാക്കാൻ കഴിയും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയാണ് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തുന്നത്.

ജില്ലയിലെ സി.ഡി.എസ് ചെയർപേഴ്സൺമാർക്കും 26 കമ്മ്യൂണിറ്റി പാലിയേറ്റീവ് നഴ്സുമാർക്കും പദ്ധതിയുമായി ബന്ധപ്പെട്ട് ഏകദിന ശില്പശാല നടത്തി. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് കെ.വി. ശശി ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ ജില്ലാമിഷൻ കോ–ഓർഡിനേറ്റർ പി.പി. മുഹമ്മദ് അദ്ധ്യക്ഷത വഹിച്ചു. എം.കെ. രാമദാസ്, കുടുംബശ്രീ അസി. കോ–ഓർഡിനേറ്റർ കെ.കെ. മുംതാസ് കാസിം സംസാരിച്ചു.

## മലപ്പുറം ജില്ലയിൽ 'സമഗ്ര' പദ്ധതിക്ക് തുടക്കം




*മലപ്പുറം കോട്ടയ്ക്കൽ നഗരസഭയിൽ ആട്ഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം നഗരകാര്യ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി മഞ്ഞളാംകുഴി അലി നിർവഹിക്കുന്നു.*

മലപ്പുറം ജില്ലയിൽ കോട്ടയ്ക്കൽ നഗരസഭ, നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സമഗ്ര പദ്ധതിക്ക് തുടക്കമായി. നെടിയിരിപ്പ് പഞ്ചായത്തിൽ പദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ നിർവഹിച്ചു. കെ.മുഹമ്മദുണ്ണി ഹാജി എം.എൽ.എ അദ്ധ്യ.ക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.സി.ഷീബ, കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.എ ജബ്ബാർ ഹാജി, കെ.അലവിക്കുട്ടി, കെ.പി.ഹുസൈൻ, കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ കെ.മുഹമ്മദ് ഇസ്മായിൽ സി.ഡി.എസ് ചെയർപേഴ്സൺ എ.ആബിദ തുടങ്ങിയവർ സംസാരിച്ചു.

**ജില്ലയിൽ ഇതുവരെ സമഗ്ര ആട്ഗ്രാമം പദ്ധതി നടപ്പാക്കിയ പഞ്ചായത്തുകൾ, ആകെ യൂണിറ്റുകളുടെ എണ്ണം, പദ്ധതി തുക എന്നീ ക്രമത്തിൽ**
**താനൂർ – 25 (37.5 ലക്ഷം), പൂക്കോട്ടൂർ –30 (45 ലക്ഷം), കൽപകഞ്ചേരി – 5 (7.5ലക്ഷം), വളവന്നൂർ – 9 (13.5 ലക്ഷം), വെട്ടം – 18 (27 ലക്ഷം), നെടിയിരുപ്പ് – 15 (22.5) ലക്ഷം**

നെടിരുപ്പ് പഞ്ചായത്തിൽ കുടുംബശ്രീക്കു കീഴിൽ രണ്ട് വർഷമായി പോത്ത് വളർത്തൽ, തീറ്റുപ്പുല്ല്, ആട് വളർത്തൽ എന്നീ സംരംഭങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുകയും വിജയകരമായി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 20120–11 വർഷം 50 കുടുംബങ്ങൾക്കായി 100 പോത്ത്കുട്ടികളെയാണ് വിതരണം ചെയ്തത്. ഈ പദ്ധതി കൂടുതൽ ജനപ്രീതി നേടിയതോടെ ഇത്തരം സംരംഭങ്ങൾ പഞ്ചായത്തിൽ ഇനിയും ആരംഭിക്കണമെന്ന ആശയം ഉയർന്നു വന്നതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം 11 ഗ്രൂപ്പുകളിലായി 62 കുടുംബങ്ങൾക്ക് 124 പോത്ത്കുട്ടികളും 15 ഗ്രൂപ്പുകളിലായി 75 കുടുംബങ്ങൾക്ക് 375 ആടുകളും വിതരണം ചെയ്യുന്നുണ്ട്. ആട്ഗ്രാമം പദ്ധതിയിൽ ആകെ അടങ്കൽ തുക 22.5 ലക്ഷം രൂപയാണ്. ഇതിൽ മൂന്നു ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും 7.5 ലക്ഷം രൂപ കുടുംബശ്രീ സബ്സിഡിയുമാണ്. കൂടാതെ ബാങ്ക് വായ്പ 10,87,500 രൂപയും 1,12,500 രൂപ ഗുണഭോക്തൃ വിഹിതവുമാണ്.

കോട്ടയ്ക്കൽ നഗരസഭയിൽ ആടുഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം നഗരകാര്യ ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി മഞ്ഞളാംകുഴി അലി നിർവഹിച്ചു. നഗരസഭാ ചെയർപേഴ്സൺ ടി.വി.സുലൈഖാബി അദ്ധ്യക്ഷത വഹിച്ചു. കേരളത്തിൽ ആദ്യമായി ആട്ഗ്രാമം പദ്ധതി ആരംഭിക്കുന്ന നഗരസഭയാണ്

ശേഷം രണ്ടാം പേജ് കാണുക ⇨

കുടുംബശ്രീ വാർത്താപത്രിക

ഒന്നാംപേജ് തുടർച്ച ⇨

കോട്ടയ്ക്കൽ. 30 ലക്ഷം രൂപയാണ് പദ്ധതി ചെലവ്. അഞ്ച് പേരടങ്ങുന്ന 20 ഗ്രൂപ്പുകൾക്കായി അഞ്ഞൂറ് ആടുകളെയാണ് വിതരണം ചെയ്യുന്നത്.

12,40,000 രൂപയാണ് സമഗ്ര പോത്ത് വളർത്തൽ പദ്ധതിയുടെ അടങ്കൽ തുക. ഇതിൽകുടുംബശ്രീ സബ്സിഡി 6,20,000 രൂപയും ഗുണഭോക്തൃവിഹിതം 6,20,000 രൂപയുമാണ്. ബാങ്ക് വായ്പയായി 5,58,000 രൂപയും ലഭ്യമാക്കിയിട്ടുണ്ട്.

നഗരസഭാ വൈസ് ചെയർമാൻ പറോളി മൂസാക്കുട്ടി ഹാജി, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ കെ.കെ.നാസർ, പി.ഉസ്മാൻ കുട്ടി, ആലമ്പാട്ടിൽ റൈഹാനത്ത് മുക്രി മൈമുനത്ത്, തയ്യിൽ കബീർ, കോട്ടയ്ക്കൽ അർബൻ ബാങ്ക് ചെയർമാൻ സി.എ.കരീം, അടാട്ടിൽ മമ്മു ഹാജി, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ.മുഹമ്മദ് ഇസ്മായിൽ, സി.ഡി.എസ് ചെയർപേഴ്സൺ പി.എം.ഉമ്മുസൗദ എന്നിവർ സംസാരിച്ചു.

## 'ഓണത്തിന് സ്വന്തം പച്ചക്കറി' ജില്ലാതല ഉദ്ഘാടനം



കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷൻ, ജില്ലാ പഞ്ചായത്ത്, കൃഷി വകുപ്പ്, കർഷക സംഘങ്ങൾ, ഹരിത സംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവ സംയുക്തമായി 'ഓണത്തിന് സ്വന്തം പച്ചക്കറി' പദ്ധതി നടപ്പാക്കുന്നു. ആരോഗ്യവും സമ്പത്തും കാത്തു സൂക്ഷിക്കുന്നതിനും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കാതെ ഓണത്തിന് വിഷവിമുക്ത പച്ചക്കറികൾ ഉല്പാദിപ്പിക്കുക എന്നതും ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്.

അനുദിനം വർദ്ധിക്കുന്ന വിലക്കയറ്റവും രാസവളം ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ആരോഗ്യത്തിനു ഹാനികരമാകുകയും ചെയ്യുന്ന അവസരത്തിലാണ് ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ പദ്ധതിക്കായി മുന്നിട്ടിറങ്ങുന്നത്. അന്യസംസ്ഥാനങ്ങളെ ആശ്രയിക്കാതെ ഓണത്തിന് സ്വന്തം പച്ചക്കറി എന്ന പദ്ധതിയിലൂടെ ജനപങ്കാളിത്തത്തിൽ അധിഷ്ഠിതമായി കാർഷിക മേഖലയ്ക്ക് ഉണർവ് നല്കാനും രാസവളങ്ങളും രാസകീടനാശിനികളും കലരാത്ത ശുദ്ധമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുകയും അതുവഴി കുടുംബശ്രീ വനിതകൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പു വരുത്തുകയും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. ഇതിനായി ജില്ലയിലെ 811 വാർഡുകളിൽ 811 ഏക്കർ സ്ഥലത്ത് പച്ചക്കറി വ്യാപനത്തിന് സഹായം നല്കും.

ജില്ലാ പഞ്ചായത്തിന്റെ 48.66 ലക്ഷം രൂപയും ഗുണഭോക്തൃവിഹിതവും ചേർത്ത് 61.63 ലക്ഷം രൂപയാണ് പദ്ധതി തുക. 650 കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളിലൂടെ 4025 കർഷകരേയും പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയിട്ടുണ്ട്. കൃഷിക്കാവശ്യമായ വിത്തിനങ്ങളും ജൈവവളവും ജില്ലാ പഞ്ചായത്ത് സംഘകൃഷി ഗ്രൂപ്പുകൾക്ക് സൗജന്യമായി നല്കി വരികയാണ്. ചീര,വെണ്ട, പാവൽ, പയർ, വഴുതന, പച്ചമുളക്, പടവലം എന്നിവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്.

പദ്ധതിയുടെ ഉദ്ഘാടനം ആന്റോ ആന്റണി എം.പി നിർവഹിച്ചു. രാജു എബ്രഹാം എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സാബിർ ഹുസൈൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ.സജി ചാക്കോ, ജില്ല-ബ്ളോക്ക്-ഗ്രാമപഞ്ചായത്ത് മെമ്പർമാർ,കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സംസാരിച്ചു.

## സഞ്ചരിക്കുന്ന വിപണന കേന്ദ്രവുമായി വനിതാ കൂട്ടായ്മ

വിപണന രംഗത്ത് പുത്തൻ കാൽവയ്പുമായി കുടുംബശ്രീ പ്രവർത്തകരുടെ സംരംഭം ശ്രദ്ധേയമാകുന്നു. വീട്ടിലേക്ക് ആവശ്യമുള്ള പലവ്യഞ്ജനങ്ങൾ ഒരു കുടക്കീഴിൽ ഉപഭോക്താവിന് ആവശ്യമുള്ള സ്ഥലത്ത് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കാസർകോഡ് ജില്ലയിലെ ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകരുടെ സഞ്ചരിക്കുന്ന വിപണന കേന്ദ്രം എന്ന സംരംഭമാണ് വിജയത്തിന്റെ പാതയിൽ.

കുടുംബശ്രീ പ്രവർത്തകരായ അംബിക, നാരായണി, നിഷ എന്നിവർ ചേർന്നാണ് സംരംഭത്തിന് തുടക്കമിട്ടത്. 2004ൽ ഗ്രാമശ്രീ എന്ന സംരംഭ യൂണിറ്റിന് തുടക്കം കുറിച്ചു കൊണ്ടായിരുന്നു ഇവർ ഈ രംഗത്തേക്ക് കടന്നു വന്നത്. പുട്ടുപൊടി, കറി പൗഡർ, കുമാരി പ്ളസ് തുടങ്ങി നിരവധി ഉല്പന്നങ്ങൾ നിർമിച്ചുകൊണ്ട് മുന്നേറിയതോടെയാണ് സഞ്ചരിക്കുന്ന വിപണന കേന്ദ്രം എന്ന ആശയം ഉടലെടുത്തത്. മംഗലാപുരം, മൈസൂർ, ഷിമോഗ എന്നിവിടങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങി പായ്ക്ക് ചെയ്താണ് ഇവർ ഉപഭോക്താവിന്റെ കൈകളിൽ എത്തിക്കുന്നത്. ഇതിനായി ദിവസവേതനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന നാല് തൊഴിലാളികളുമുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ വഴിയാണ് ഇതിന്റെ പ്രചാരണ പ്രവർത്തനങ്ങൾ. പഞ്ചായത്തിലെ 17 വാർഡുകളിലും തിരഞ്ഞെടുത്ത മൂന്ന് കേന്ദ്രങ്ങളിലും സഞ്ചരിക്കുന്ന വിപണന കേന്ദ്രമെത്തും. മൂന്ന് മാസങ്ങൾക്കു മുമ്പ് ആരംഭിച്ച സംരംഭം ഇന്ന് മുന്നേറ്റത്തിന്റെ വഴിയിലാണ്.

## കുടുംബശ്രീ കലാജാഥ

കുടുംബശ്രീ എറണാകുളം ജില്ലാമിഷൻ, ജില്ലാപഞ്ചായത്ത് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി സ്ത്രീപദവി സ്വയംപഠന പ്രക്രിയ, ബാലസഭ എന്നിവയുടെ കീഴിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരേയുള്ള അതിക്രമങ്ങൾക്കെതിരെ കലാജാഥയ്ക്കു തുടക്കം കുറിച്ചു. കുടുംബശ്രീ പതിനഞ്ചാം സംസ്ഥാനതല വാർഷികത്തോടനുബന്ധിച്ച് നടത്തിയ നാടകോത്സവത്തിൽ മികച്ച രണ്ടാമത്തെ സ്കിപ്റ്റിനുള്ള അവാർഡ് നേടിയ ജില്ലയുടെ 'എനിക്ക് ചിലത് പറയാനുണ്ട്' എന്ന നാടകത്തിന്റെ റോഡ് ഷോ ആണ് അവതരിപ്പിക്കുന്നത്.

പശ്ചിമഘട്ട വികസന പദ്ധതിയുടെ പരിധിയിൽ പെടുന്ന കോതമംഗലം, മൂവാറ്റുപുഴ, കൂവപ്പടി, പാമ്പാക്കുട, വടവുകോട്, പുത്തൻകുരിശ് എന്നീ അഞ്ച് ബ്ളോക്കുകളിലെ 87 ഗ്രാമപഞ്ചായത്തുകളിലാണ് കലാജാഥയുടെ ഭാഗമായി നാടകാവതരണം നടത്തുന്നത്. ഓരോ ഗ്രാമപഞ്ചായത്തിലും നൂറ്റിഅമ്പതോളം വേദികളാണ് ലക്ഷ്യമിടുന്നത്. കമ്മ്യൂണിറ്റി തിയേറ്റർ എന്ന ആശയത്തിന്റെ പുതിയ മാതൃകകൾ സൃഷ്ടിച്ചുകൊണ്ട് വിവിധ സി.ഡി.എസുകളിൽ നിന്നുള്ള 14 കുടുംബശ്രീ പ്രവർത്തകരാണ് നാടകാവതരണം നടത്തുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ, വഞ്ചന, അവഗണന എന്നിവയെ തുറന്നു കാട്ടുന്നതിനും സ്ത്രീ പുരുഷ തുല്യത, നീതി, സ്വാതന്ത്ര്യം, സ്നേഹം, വിശ്വാസം, ബഹുമാനം എന്നിവ നിലനിർത്തുന്നതിൽ സമൂഹത്തിനുള്ള ഉത്തരവാദിത്വത്തെക്കുറിച്ച് ഓർമപ്പെടുത്തിക്കൊണ്ടാണ് നാടകാവതരണം. ഇതോടൊപ്പം 37 പഞ്ചായത്തുകളിലെ അയൽക്കൂട്ടാംഗങ്ങൾക്കും ബാലസഭാംഗങ്ങൾക്കുമായി പഠനക്ളാസുകളും ചർച്ചകളും വാർഡുകളിൽ നടത്തി വരികയാണ്. ഇതിനുശേഷം ബാക്കി 64 പഞ്ചായത്തുകളിലും പരിപാടി വ്യാപിപ്പിക്കും.

## ഇനി ഞാൻ...



## പ്രതിസന്ധികളിൽ തളരാതെ

എന്റെ പേര് സാജിത. കൊല്ലം ജില്ലയിലെ തേവലക്കര ഗ്രാമത്തിൽ വളരെ നിർദ്ധന കുടുംബത്തിലാണ് ഞാൻ ജനിച്ചത്. മാതാപിതാക്കൾക്ക് കൂലിപ്പണിയായിരുന്നു. രണ്ടാണും മൂന്നു പെണ്ണും അടങ്ങുന്നതായിരുന്നു കുടുംബം.

എനിക്ക് അഞ്ചാം ക്ളാസ് വരെ മാത്രമേ പഠിക്കാൻ കഴിഞ്ഞുള്ളൂ. വളരെയധികം ഒതുങ്ങിക്കഴിഞ്ഞിരുന്ന ഒരു വ്യക്തിയായിരുന്നു ഞാൻ. അധികം ആരോടും അടുപ്പം കാണിക്കാത്ത, പുറത്തു പോകാനും അധികം സാംസാരിക്കാനുമൊന്നും താൽപര്യം കാണിക്കാത്ത സ്വഭാവമായിരുന്നു എന്റേത്. പതിനാലാം വയസിൽ എന്റെ കല്യാണം കഴിഞ്ഞു. രണ്ട് ആൺമക്കളുടെ അമ്മയായി. ഭർത്താവിന് കൂലിപ്പണിയായിരുന്നു.

ഇങ്ങനെയിരിക്കേ ഞങ്ങളുടെ അടുത്തുള്ള സ്ത്രീകൾ ചേർന്ന് അയൽക്കൂട്ടം രൂപീകരിച്ചു. എനിക്കും അതിൽ അംഗത്വം നല്കുകയും അയൽക്കൂട്ടത്തിന്റെ സെക്രട്ടറിയായി തിരഞ്ഞെടുക്കുകയും ചെയ്തു. എഴുത്തും വായനയും വശമില്ലാതിരുന്ന ഞാൻ ഒരുപാട് വിഷമിച്ചു. ആ അവസരത്തിൽ എനിക്ക് ധൈര്യം തന്ന് മുന്നോട്ട് കൈപിടിച്ച് നടത്തിയത് സി.ഡി.എസ് മെമ്പറായിരുന്നു.

പിന്നീട് ഞാൻ എ..ഡി.എസ് പ്രസിഡന്റായിരിക്കുമ്പോഴാണ് ജീവിതത്തെ തകർത്ത സംഭവമുണ്ടായത്. കുടുംബശ്രീയിലെ അംഗങ്ങൾക്ക് കോഴി വിതരണം നടക്കുന്നതിനാൽ മൃഗാശുപത്രിയിൽ ഒപ്പിട്ടുകൊടുക്കുന്നതിനു വേണ്ടി പോയതായിരുന്നു ഞാൻ. ആ തിരക്കിൽ നിൽക്കുമ്പോൾ വീടിനടുത്തുള്ള രണ്ട് പേർ വന്ന് ഞാൻ പെട്ടെന്ന് വീട്ടിലേക്ക് ചെല്ലണമെന്ന് പറഞ്ഞു. കാരണം തിരക്കിയപ്പോൾ ഭർത്താവിനെ പോലീസുകാർ പിടിച്ചെന്നും അതു കാരണം വേഗം തിരിച്ചറിയൽ കാർഡ് എടുത്തുകൊടുക്കണമെന്നും പറഞ്ഞു. ഞാൻ പെട്ടെന്നു തന്നെ വീട്ടിലെത്തി തിരിച്ചരിയിൽ കാർഡ് തപ്പിയെടുത്ത് അവരുടെ കൈയിൽ കൊടുത്തു വിട്ടു. എന്നാൽ അതിനു ശേഷമാണ് എന്റെ ഭർത്താവ് ഞങ്ങളെ ഉപേക്ഷിച്ച് നാടു വിട്ടു പോയി എന്ന സത്യം ഞാൻ അറിയുന്നത് മാത്രമല്ല അയാൾ മുമ്പ് വിവാഹിതനായിരുന്നു എന്ന കാര്യവും.

ഞാനാകെ തകർന്നു പോയി. വീട്ടിൽ പ്രായമായ ഉമ്മയും രണ്ട് മക്കളും. ജോലിയോ വരുമാനമോ ഇല്ല. സഹായിക്കാൻ ബന്ധുക്കളുമില്ല. എങ്ങനെ ജീവിക്കും എന്നതിനെക്കുറിച്ച് ഒരെത്തും പിടിയും കിട്ടിയില്ല. എന്നാൽ ആ സമയത്ത് എനിക്ക് ധൈര്യവും സമാധാനവും തന്ന് എനിക്കു താങ്ങായത് കുടുംബശ്രീയാണ്. എന്റെ ഭർത്താവ് നാട് വിട്ടു പോയതിന്റെ ആഘാതത്തിൽ നിന്നും അല്പം കരകയറി വന്ന സമയത്താണ് എന്റെ സഹോദരന്റെ മകളുടെ വിവാഹം. ഞാൻ മുൻകൈയെടുത്താണ് അതു നടത്തിയത്. അവൾക്ക്ഒരു നല്ല ജീവിതം ലഭിക്കണമെന്ന ആഗ്രഹം കൊണ്ട് ആകെയുണ്ടായിരുന്ന കിടപ്പാടം നഷ്ടപ്പെടുത്തിയാണ് ഞാനത് ചെയ്തത്. എന്നാൽ അതൊക്കെ വെറുതേയായിരുന്നു. സ്വഭാവം അങ്ങേയറ്റം മോശമായിരുന്ന ഒരാളായിരുന്നു അവളുടെ ഭർത്താവ്. കല്യാണം കഴിഞ്ഞ് ഒരാഴ്ചയ്ക്കുള്ളിൽ തന്നെ 30 പവന്റെ ആഭരണങ്ങൾ വിറ്റ് നശിപ്പിച്ച ശേഷം അവളെ വീട്ടിൽ കൊണ്ടുവന്നാക്കി. കൂടുതൽ സ്ത്രീധനവും ആവശ്യപ്പെട്ടു. ഒടുവിൽ കേസുമായി കോടതി കയറിയ സമയത്ത് എനിക്ക് ധൈര്യവും പിന്തുണയും തന്നത് കുടുംബശ്രീ അംഗങ്ങളായിരുന്നു.



*സാജിത*

പിന്നീട് മൂന്ന് സെന്റ് സ്ഥലം വാങ്ങി അതിൽ ഒരു കൊച്ചു വീട് വച്ചു ഞാനും മക്കളും ഉമ്മയും കൂടി താമസം ആരംഭിച്ചു. പക്ഷേ ഒന്നര ലക്ഷം രൂപ കടം ബാക്കിയായി. അതു വീട്ടാൻ ഒരു വഴിയും കാണാതെ വന്ന അവസരത്തിലാണ് ഞാൻ ഗൾഫിൽ വീട്ടുജോലിക്കു പോയത്. നാട്ടിൽ അനുഭവിച്ചതിനേക്കാൾ ഇരട്ടി ദുരിതം ഞാൻ അവിടെയും അനുഭവിച്ചു. ഏഴ് അംഗങ്ങൾ താമസിക്കുന്ന ആ വീട്ടിൽ രാപ്പകൽ ജോലി. ഒരു നേരം പോലും കൃത്യമായി ഭക്ഷണം കിട്ടിയിരുന്നില്ല. ഒന്നു സ്വസ്ഥമായി ഉറങ്ങാനോ മക്കളെയോ ഉമ്മയേയോ അയൽക്കൂട്ടാംഗങ്ങളെ ബന്ധപ്പെടാനോ ഒന്നിനും കഴിഞ്ഞിരുന്നില്ല. വീണു കാലൊടിഞ്ഞു കിടന്നിട്ടും ഒരു നിമിഷം പോലും വെറുതെയിരിക്കാൻ ആ വീട്ടുകാർ എന്നെ അനുവദിച്ചിരുന്നില്ല. ശമ്പളം മാത്രം കൃത്യമായി തന്നു. അതു മാത്രമായിരുന്നു എനിക്ക് ആകെയുള്ള ആശ്വാസം. അങ്ങനെ ഏഴു മാസം ഏഴു വർഷം പോലെ ഞാനവിടെ തള്ളി നീക്കി.

നാട്ടിലെത്തിയിട്ടും എന്നെ പിന്തുടർന്നത് ദുരിതങ്ങൾ തന്നെ. താമസിച്ചിരുന്ന മൂന്നു സെന്റ് സ്ഥലവും വീടും വിറ്റ് കുറച്ച് കടബാദ്ധ്യതകൾ തീർത്ത ശേഷം കുറച്ച് സ്ഥലം വാങ്ങി ഒരു ചെറിയ ഷെഡ് വച്ച് അതിൽ താമസിക്കുമ്പോഴാണ് ഓട്ടോറിക്ഷ ഓടിക്കുന്നതിനിടയിൽ മൂത്ത മകന് അപപകടമുണ്ടായത്. കണ്ണിനു പരിക്കേറ്റതിന്റെ ചികിത്സയ്ക്കു വേണ്ടി കുറേ പണം ചെലവായി. ഇപ്പോൾ ഒരു സൂപ്പർമാർക്കറ്റിൽ ജോലിക്കു പോകുന്നു. ഉമ്മയ്ക്കും പ്ളസ് ടുവിന് പഠിക്കുന്ന ഇളയ മകനുമൊപ്പമാണ് താമസം. എന്റെ ഈ കഷ്ടതകളിലെല്ലാം എന്നോടൊപ്പം നിന്ന് എന്നെ സഹായിച്ചത് കുടുംബശ്രീയാണ്. ഈ പ്രസ്ഥാനമില്ലായിരുന്നെങ്കിൽ ഇന്നു ഞാൻ ഈ ഭൂമുഖത്തു കാണില്ലായിരുന്നു.

**കൊല്ലം ജില്ലയിൽ തേവലക്കര ഗ്രാമപഞ്ചായത്തിൽ സംഘമിത്ര കുടുംബശ്രീ പ്രസിഡന്റ് സാജിതയുടെ വിജയാനുഭവ കഥയിൽ നിന്ന്**

## ഊർജശ്രീ: സംരംഭ വൈദഗ്ധ്യ പരിശീലനം

ഊർജസംരക്ഷണ കാമ്പെയ്നിന്റെ ഭാഗമായി ജില്ലാതലത്തിൽ ആരംഭിക്കുന്ന ഊർജശ്രീ സംരംഭ ഗ്രൂപ്പുകൾക്കുള്ള വൈദഗ്ധ്യ പരിശീലന പരിപാടികൾ ആരംഭിച്ചു. പാലക്കാട്, തിരുവനന്തപുരം ജില്ലകളിലാണ് പരിശീലനം നടത്തിയത്. പാലക്കാട്ടെ ഐ.ആർ.ടി.സി (ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ)യിൽ നടന്ന ഒന്നാം ഘട്ട പരിശീലന പരിപാടിയിൽ തിരുവനന്തപുരം, എറണാകുളം, ആലപ്പുഴ, പാലക്കാട് ജില്ലകളിൽ നിന്നുള്ള 40 ഗുണഭോക്താക്കൾ പങ്കെടുത്തു. മൂന്നു ദിവസമായിരുന്നു പരിശീലനം. ഊർജസംരക്ഷണത്തിന്റെ ആവശ്യകത ജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായായി സൗരോർജ പാനലുകൾ, ബയോഗ്യാസ് പ്ളാന്റുകൾ എന്നിവയുടെ പ്രവർത്തന രീതികളെ കുറിച്ച് വിദഗ്ധർ പരിശീലനം നൽകി.

ഐ.ആർ.ടി.സി സയന്റിസ്റ്റ് ഖദീജ, പ്രൊഫ.മുസ്തഫ, മാത്യു, വിവേക് ഐ.ഐ.ടി മുംബൈ, വിൻസി, ബി.എസ്.യു.പി ടീം ലീഡർ ജേക്കബ് ചാണ്ടി, എം.ഇ.കൺസൾട്ടന്റ് ആദർശ്, ജയേഷ് കാസ്സ് ഗ്രൂപ്പ് തുടങ്ങിയവർ ക്ളാസുകൾ നയിച്ചു.

തിരുവനന്തപുരം മാർ ഇവാനിയോസ് സെന്ററിൽ മുംബൈ ഐ.ഐ.ടി.പ്രൊഫ. ചേതൻ.എസ്. സോളങ്കിയുടെ നേതൃത്വത്തിൽ പരിശീലത്തിന്റെ രണ്ടാം ഘട്ടം നടന്നു. ഒരു മില്യൺ ഊർജ വിളക്കുകൾ ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രചാരണം ആരംഭിച്ച പ്രൊഫ.ചേതൻ.എസ്. സോളങ്കിയുടെ ഇന്ത്യയിലെ ആദ്യത്തെ പരിശീലന പരിപാടിയാണ് കുടുംബശ്രീയുമായി ചേർന്ന് കുടുംബശ്രീ സംരംഭകർക്കായി നടത്തിയ ത്രിദിന പരിശീലനം. സോളാർ വിളക്കുകളുടെ ക്രമീകരണം, പ്രവർത്തനരീതികൾ എന്നിവയെ കുറിച്ച് ക്ളാസുകൾ നയിച്ചു. പരിശീലന പരിപാടിയിൽ 40 ഗുണഭോക്താക്കൾ പങ്കെടുത്തു.

## കുടുംബശ്രീ ബഡ്സ് സ്കൂളിന് പുതിയ ബസ്

ആലപ്പുഴ ജില്ലയിൽ ചേർത്തല നഗരസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന 'ആർദ്ര' കുടുംബശ്രീ ബഡ്സ് സ്കൂളിന് കുടുംബശ്രീ അനുവദിച്ച പുതിയ സ്കൂൾ ബസിന്റെ ഉദ്ഘാടനം ജില്ലാ കളക്ടർ എൻ. പത്മകുമാർ നിർവഹിച്ചു. നഗരസഭാ ചെയർപേഴ്സൺ ജയലക്ഷ്മി അനിൽകുമാർ അദ്ധ്യക്ഷത വഹിച്ചു.

ബഡ്സ് സ്കൂൾ വിദ്യാർത്ഥികളുടെ യാത്രാക്ളേശം പരിഹരിക്കുന്നതിന്റെ ഭാഗമായാണ് സ്കൂൾ ബസ് അനുവദിച്ചത്. കുടുംബശ്രീ ജില്ലാ മിഷൻ അസി.കോ-ഓർഡിനേറ്റർ സുജ ഈപ്പൻ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ഉണ്ണികൃഷ്ണൻ, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ. സണ്ണി കുന്നുംപുറം, സിഡി.എസ് ചെയർപേഴ്സൺ ജലജാമണി തുടങ്ങിയവർ പങ്കെടുത്തു.

## കൂൺ കൃഷി പരിശീലനം

കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ കൂൺകൃഷിയിൽ പരിശീലനം നൽകി. ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ നിന്നായി നിരവധി സ്ത്രീ പുരുഷൻമാർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ഉൾപ്പെടാത്തവർക്കാണ് ഇത്തവണ പരിശീലനം നൽകിയത് കൂണിന്റെ പ്രാധാന്യം, കൂൺ കൃഷിയുടെ സാധ്യതകൾ,കൂൺ കൃഷിയ്ക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ, വിത്ത് ഉല്പാദന യൂണിറ്റിൽ ഉപയോഗിക്കുന്ന യന്ത്രങ്ങൾ, കൂൺ ബാഗ് നിർമാണം എന്നിവയെ കുറിച്ച് കോമൺ ഫെസിലിറ്റേഷൻ സെന്റർ മാനേജർ ബിനീഷ്, ടെക്നിക്കൽ അസിസ്റ്റന്റ് ഷാനിത എന്നിവർ വിശദീകരിച്ചു. കൂൺ കൃഷിയിൽ നിരവധി പേർ താൽപര്യം പ്രകടിപ്പിച്ചു മുന്നോട്ടു വന്നതോടെ എല്ലാ മാസവും പരിശീലന പരിപാടി നടത്താൻതീരുമാനിച്ചിട്ടുണ്ട്.

## ഊർജശ്രീ: സംസ്ഥാനതല മത്സര വിജയികൾ

**ഉപന്യാസ രചന (സ്കൂൾ വിഭാഗം) സമ്മാനാർഹരായവർ** അൽ അമീൻ.ജെ.(കണ്ണൂർ), അതുല്യ മാത്യു(പാലക്കാട്), അഞ്ജു.എസ്. (ആലപ്പുഴ) **കോളേജ് വിഭാഗം** അശ്വിനി.എ.പി. (കൊല്ലം), സീന വി.കെ (മലപ്പുറം), രശ്മി.യു.ജെ (കൊല്ലം) **വനിതാ വിഭാഗം** ശ്രീലേഖ.എസ്. (തിരുവനന്തപുരം), ഷൈലജ ബാബു(തൃശൂർ), വസന്ത (പാലക്കാട്) **പോസ്റ്റർ രൂപകല്പന-സ്കൂൾ വിഭാഗം** അഭിനന്ദ്.പി.(മലപ്പുറം), ശ്രേയാ ഹരീന്ദ്രൻ(കണ്ണൂർ), നികാശ് (കൊല്ലം) **പ്രോത്സാഹന സമ്മാനം:** അശ്വിൻ.സി (കാസർകോട്), നിതിൻ കൃഷ്ണൻ (കൊല്ലം) **കോളേജ് വിഭാഗം** പ്രീതി.വി (കൊല്ലം), ആതിര.എ.വി (തിരുവനന്തപുരം), രശ്മി.യു.ജെ (കൊല്ലം) **പൊതുവിഭാഗം** സിജിമോൾ (എറണാകുളം), സിന്ധു ജെയ്ൻ (ഇടുക്കി), ബിന്ദു നായർ (ആലപ്പുഴ) **വർക്കിംഗ് മോഡൽ: സ്കൂൾ വിഭാഗം** ഉമേഷ്. എം, വിഷ്ണു.സി (കൊല്ലം), മുഹമ്മദ് ബിലാൽ, മുഹമ്മദ് സുഹൈൽ (ആലപ്പുഴ), അഭിജിത് ബി.എം, അതുല്യ മാത്യു **വർക്കിംഗ് മോഡൽ സ്ത്രീകൾ : പ്രോത്സാഹന സമ്മാനം** അനിതാ എം.എം.(കണ്ണൂർ) **ക്വിസ് മത്സരം : സ്കൂൾ വിഭാഗം** കാർത്തിക.എസ് (കണ്ണൂർ), ഭാഗ്യലക്ഷ്മി, ആര്യാമോൾ.പി.എസ് (കോട്ടയം), സഞ്ജയ് കുമാർ.എസ്, മോനിഷ.എം(പാലക്കാട്) **കോളേജ് വിഭാഗം** ഹരികൃഷ്ണൻ.ആർ(ആലപ്പുഴ), സെബൻ ഗേയ്സൽ, കിരൺ ജോൺ(എറണാകുളം), സജത് ആലി, പ്രീതി.വി (കൊല്ലം), രാഹുൽ.വി.ആർ, രഘു.സി (പാലക്കാട്) **സ്ത്രീകൾ** രജനി, ശബ്ന (മലപ്പുറം), ഷൈലജ പ്രദീപ്, ദീപ.വി (തൃശൂർ), ഇന്ദു നിർമലൻ, അമൃതവല്ലി (എറണാകുളം) ശോഭ.യു.കെ, ബീനാ.ബി.സി(കാസർകോട്)

## കുടുംബശ്രീ ബഡ്സ് സ്കൂൾ അദ്ധ്യാപകർക്ക് കൈപുസ്തകം

സംസ്ഥാനത്തെ മുഴുവൻ ബഡ്സ് സ്കൂൾ അദ്ധ്യാപകർക്കും വേണ്ടിയുള്ള കൈപുസ്തകം തയ്യാറാക്കുന്നതിനായി കോഴിക്കോട്ട് നാല് ദിവസത്തെ ശിൽപശാല നടന്നു. പതിനെട്ടു വയസിനു മുകളിലുള്ള സ്പെഷൽ എജ്യൂക്കേഷൻ സെക്കണ്ടറിതലം പിന്നിട്ടതോ അല്ലെങ്കിൽ പത്താം ക്ലാസ് ജയിച്ചതോ ആയ മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് സ്വന്തമായി തൊഴിലും അതുവഴി ഉപജീവന മാർഗവും ലഭ്യമാക്കുന്നതിന് അടിസ്ഥാനപരമായ തൊഴിൽ വൈദഗ്ധ്യ പരിശീലനം നല്കുന്നതിനാവശ്യമായ കരട് പാഠ്യപദ്ധതിയും പാഠ്യ പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയാണ് കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്.

ബഡ്സ് കൺസൾട്ടന്റ് എം.ജി. കാളിദാസൻ, ബഡ്സ് സ്കൂൾ അദ്ധ്യാപകരായ ഷൈനി ബാബു, പ്രസീത.പി.എം, സുമയത്ത് .പി.പി, മേരി ജോസഫ്.കെ.ടി, രൂപിഷ.എം.കെ എന്നിവർ ശിൽപശാലയിൽ പങ്കെടുത്തു.

## കുടുംബശ്രീ പച്ചക്കറി വിപണന കേന്ദ്രം

കോട്ടയം ജില്ലയിൽ തിടനാട് ഗ്രാമപഞ്ചായത്ത് കുടുംബശ്രീ ഉൽപന്ന പച്ചക്കറി വിപണന കേന്ദ്രത്തിന്റെ ഉദ്ഘാടനം ഗവ.ചീഫ് വിപ്പ് പി.സി.ജോർജ് നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോസഫ് ജോർജ് വെള്ളൂക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. ഡോ. സുരേന്ദ്ര നാഥ്, സുജാ ബാബു, ലിസി തോമസ് മോഹനൻ നാരായണൻ, സെബാസ്റ്റ്യൻ എബ്രഹാം, വിജി ജോർജ് സി.ഡി.സെബാസ്റ്റ്യൻ, സ്കറിയാ ജോസഫ്, ലീനാ ജോർജ്, ലില്ലി മാനുവൽ, ബിന്ദു സനോജ്, വി.ടി.തോമസ്, കെ.കെ.സുകുമാരൻ, സ്റ്റീഫൻ ജോർജ്, ജോസ് ജോൺ, മുബീഷ്, അനൂപ് ചന്ദ്രൻ എന്നിവർ സംസാരിച്ചു.

## ജൈവ കീടനാശിനി നിർമാണ പരിശീലനം

കോഴിക്കോട് ജില്ലാ മിഷന്റെ നേതൃത്വത്തിൽ മഹിളാ കിസാൻ സശാക്തീകരൺ പരിയോജന പദ്ധതിയിലെ സാങ്കേതിക പരിശീലന പരിപാടിയുടെ ഭാഗമായി ജൈവ കീടനാശിനി നിർമാണ പരിശീലനം സംഘടിപ്പിച്ചു. വിവിധയിനം പച്ചക്കറികൾ, വാഴ, നെല്ല് എന്നീ വിളകളിൽ പ്രയോഗിക്കാവുന്ന വിവിധ ജൈവ കീടനാശിനികളുടെ നിർമാണ രീതികളെ കുറിച്ചാണ് പ്രായോഗിക പരിശീലനം നൽകിയത്.

ബോർഡോ മിശ്രിതം, വേപ്പെണ്ണ എമൽഷൻ, പുകയില കഷായം, വികർഷണ ഇലകളും വിത്തുകളും ഉപയോഗിച്ചുള്ള സസ്യസംരക്ഷണം, അമൃതം ലായനി, പഞ്ചദ്രവ്യം, കോഴിമുട്ട ,അമിനോ അമ്ളം, മത്സ്യ അമിനോ അമ്ളം തുടങ്ങി നിരവധി ജൈവകീടനാശിനികൾ നിർമിക്കുന്ന രീതിയും അവ ഉപയോഗിക്കുന്ന രീതിയും വ്യക്തമാക്കി. പരിശീലനാർത്ഥികളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടായിരുന്നു ജൈവകീടനാശിനികളുടെ നിർമാണം.

ജില്ലാ സാങ്കേതിക പരിശീലന ടീം അംഗം പി.വിജയൻ, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ കെ.കെ.മുഹമ്മദ് ഫൈസൽ എന്നിവർ പരിശീലന പരിപാടിക്കു നേതൃത്വം നൽകി.

## എസ്.ജെ.എസ്.ആർ.വൈ കാമ്പെയ്ൻ

വയനാട് ജില്ലയിലെ കൽപ്പറ്റ നഗരസഭയിൽ നഗരസഭാ കൗൺസിലർമാർക്കും സി.ഡി.എസ് എക്സിക്യൂട്ടീവ് അംഗങ്ങൾക്കും ദ്വിദിന ശിൽപശാല നടത്തി. കേന്ദ്ര സർക്കാർ പദ്ധതിയായ സ്വർണ ജയന്തി ഷഹാരി റോസ്ഗർ യോജന ശാസ്ത്രീയമായി നടപ്പാക്കുന്നതിന്റെ മുന്നോടിയായിട്ടാണ് പരിശീലന പരിപാടി.

ദാരിദ്ര്യ നിർമാർജനം, ഉപജീവന തൊഴിൽ സംരംഭങ്ങൾ, കൃഷി, സമഗ്ര, സാന്ത്വനം, വിപണന കേന്ദ്രങ്ങൾ തുടങ്ങിയവയിലൂടെ പാവപ്പെട്ടവരേയും പാർശ്വവൽക്കരിക്കപ്പെട്ടവരേയും സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. എസ്.ജെ.എസ്.ആർ.വൈ പദ്ധതി ആസൂത്രണം, വാർഷിക കലണ്ടർ തയ്യാറാക്കൽ, കാമ്പെയ്ൻ പ്രവർത്തനങ്ങൾ തുടങ്ങിയവ ശിൽപശാലയിൽ തയ്യാറാക്കി. ഇതനുസരിച്ച് ഉപജീവന മാർഗങ്ങൾ കണ്ടെത്തുന്നതിനും തൊഴിൽ സംരംഭങ്ങൾ വിപുലീകരിക്കുന്നതിനുമുള്ള പരിശീലന പരിപാടികൾ നഗരസഭയിലെ വാർഡുതലത്തിൽ നടന്നുവരികയാണ്. ദ്വിദിന ശില്പശാല നഗരസഭാ ചെയർമാൻ പി.പി.ആലി ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഉമൈബ മൊയ്തീൻകുട്ടി അദ്ധ്യക്ഷത വഹിച്ചു. നഗരസഭ വൈസ് ചെയർപേഴ്സൺ കെ.കെ വത്സല മുഖ്യപ്രഭാഷണം നടത്തി. ജില്ലാ മിഷൻ അസി.കോ-ഓർഡിനേറ്റർ ടി.ഷാഹുൽ ഹമീദ് ക്ളാസ് നയിച്ചു. സ്റ്റാർഡിംഗ് കമ്മിറ്റി ചെയർമാൻമാരായ അഡ്വ.ടി.ജെ.ഐസക്, വി.പി.ശോശാമ്മ, കേയംതൊടി മുജീബ്, സി.കെ.ശിവരാമൻ, കെ.പ്രകാശൻ എന്നിവർ ആശംസിച്ചു. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ പി.പി.മുഹമ്മദ് സ്വാഗതവും സി.ഡി.,എസ് ചെയർപേഴ്സൺ ടി.ജി.ബീന നന്ദിയും പറഞ്ഞു. അസി.കോ-ഓർഡിനേറ്റർമാരായ കെ.കെ.മുംതാസ് കാസിം, സലീന യു.എസ് എന്നിവർ ശില്പശാലയ്ക്ക് നേതൃത്വം നല്കി.

## സ്വന്തം വിപണിയും ഹോംഷോപ്പുമായി കണ്ണൂരിൽ കുടുംബശ്രീ

കണ്ണൂർ ജില്ലയിൽ കുടുംബശ്രീ മിഷൻ സ്വന്തം കടകളുമായി വിപണിയിലേക്ക്. ഇനി മുതൽ നിത്യോപയോഗ സാധനങ്ങൾ വീട്ടുവാതിൽക്കൽ എത്തിക്കുന്ന ഹോം ഷോപ്പ് പദ്ധതി ഉൾപ്പെടെയുള്ള സംവിധാനങ്ങളുമായി കുടുംബശ്രീ ഓണം മുതൽ നിരന്തര വിപണനത്തിലേർപ്പെടും. ഈ വരുന്ന ഓണം കുടുംബശ്രീയുടെ 'തനിമ പരിശുദ്ധി കേരളീയത' എന്ന മുദ്രാവാക്യത്തെ അന്വർത്ഥമാക്കും.

രൂക്ഷമായ പച്ചക്കറിക്ഷാമം പരിഹരിക്കുന്നതിനും ശുദ്ധമായ പച്ചക്കറി ലഭ്യമാക്കുന്നതിനുമാണ് കുടുംബശ്രീയുടെ ഇടപെടൽ. ഇതിനായി ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ സഹകരണസംവിധാനങ്ങൾ എന്നിവയുമായി സഹകരിച്ച് കുടുംബശ്രീ വിപണിക്ക് സ്വന്തം ഷോപ്പുകൾ സ്ഥാപിക്കും. ഇവ സിവിൽ സപ്ലൈസിന്റെ 'സപ്ലൈ കോ' പോലെ സ്ഥിരം സംവിധാനമായി പ്രവർത്തിക്കും. പച്ചക്കറി മാത്രമല്ല, കുടുംബശ്രീയുടെ സ്വന്തം ബ്രാൻഡിൽ മറ്റ് ഉൽപന്നങ്ങളും ഈ വിപണിയിൽ വിറ്റഴിക്കും.

കുടുംബശ്രീ ഹോംഷോപ്പുകളിൽ വൻകിട കമ്പനികളുടെ ഉല്പന്നങ്ങൾ പൂർണമായും ഒഴിവാക്കും. ഇതുവരെ ഓണം, പെരുനാൾ, ക്രിസ്മസ് ചന്തകളിൽ മാത്രമാണ് കുടുംബശ്രീക്ക് സ്വന്തം വിപണി കണ്ടെത്താൻ കഴിഞ്ഞിരുന്നത്. മറ്റവസരങ്ങളിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ കൃഷിചെയ്തുണ്ടാക്കുന്ന ഉൽപന്നങ്ങൾ അവർ തന്നെ സ്വന്തം നിലയിൽ വിപണനം ചെയ്യുകയായിരുന്നു.

സംസ്ഥാനത്ത് 37 ലക്ഷം വീട്ടമ്മമാർ കുടുംബശ്രീയിൽ അംഗങ്ങളാണ്. സ്വന്തം വിപണി നിർമിക്കാൻ ശേഷിയുള്ള സ്ത്രീശക്തിയെ ഉപയോഗിച്ച് പച്ചക്കറിക്ഷാമം പരിഹരിക്കുക, ശുദ്ധമായ പച്ചക്കറി വിതരണം ചെയ്യുക, ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. ഇത് സാദ്ധ്യമാകുന്നതിലൂടെ വിലക്കയറ്റം തടയാനാകും. ദേശീയ ഗ്രാമീണ ഉപജീവന പദ്ധതിയുടെ ഭാഗമായാണ് ഈ പുതിയ സംരംഭവും.

നെല്ലിന് ഏക്കറിന് 12,000 രൂപ, പച്ചക്കറിക്ക് 1800 രൂപ, നേന്ത്രവാഴ 2800 എണ്ണത്തിന് 4800 രൂപ എന്നിങ്ങനെ ഏരിയ ഇൻസന്റീവ് നൽകും. പുറമെ ഉല്പാദന ബോണസും നൽകും. പച്ചക്കറി ഉൽപാദനം നടത്തുന്ന അയൽക്കൂട്ടങ്ങൾക്ക് വായ്പ, ഇൻസന്റീവ് എന്നിവ നൽകും. നെല്ലുൾപ്പെടെയുള്ള ഓരോ വിളകൾക്കും ഓരോ സാമ്പത്തിക സഹായമാണ് നൽകുക. ഉൽപന്നങ്ങൾ കുടുംബശ്രീ നേരിട്ട് വാങ്ങി സ്വന്തം ഷോപ്പുകളിൽ എത്തിക്കും.

ഇതിനു പുറമെയാണ് ഹോം ഷോപ്പ് പദ്ധതി. ഇതിനായി ജില്ലാതലത്തിൽ ഒരു മാർക്കറ്റിംഗ് ടീമിനെ കുടുംബശ്രീ തിരഞ്ഞെടുക്കും. അരി, പുട്ടുപൊടി, അച്ചാർ തുടങ്ങി കുടുംബശ്രീയുടെ ബ്രാൻഡ് ഉൽപന്നങ്ങൾ ടീമിനെ ഏൽപ്പിക്കും. ഇവ വീടുവീടാന്തരം കയറി വിൽപ്പന നടത്തുന്നവർക്ക് ആകർഷകമായ കമ്മീഷനുകളും ലഭിക്കും.

## കമ്മ്യൂണിറ്റി തിയേറ്റർ പദ്ധതി

### മലപ്പുറത്ത് എല്ലാ പഞ്ചായത്തുകളിലും കലാസംഘങ്ങൾ രൂപവൽക്കരിക്കുന്നു

അരങ്ങിൽ നന്മയുടെ വെളിച്ചം വിതറാൻ ഒരുങ്ങുകയാണ് മലപ്പുറം ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ. അടുത്ത വനിതാദിനമാകുമ്പോഴേക്കും എല്ലാ കുടുംബശ്രീ യൂണിറ്റുകൾക്കും സ്വന്തമായി കലാസംഘങ്ങളാകും. ഇപ്പോൾ 12 സി.ഡി.എസ്സുകൾക്കു മാത്രമാണ് സ്വന്തമായി സംഘങ്ങളുള്ളത്. നാടകങ്ങൾക്കു പുറമെ ബോധവൽക്കരണ കലാപരിപാടികളും പരിശീലനങ്ങളും താഴേത്തട്ടുമുതൽ അവതരിപ്പിക്കാനാണ് കമ്മ്യൂണിറ്റി തിയറ്റർ പദ്ധതി പ്രകാരം നാടകസംഘങ്ങൾ തുടങ്ങുന്നത്.

കുടുംബശ്രീ വാർഷികാഘോഷങ്ങളുടെ ഭാഗമായി മലപ്പുറത്ത് നടത്തിയ നാടകമത്സരം ശ്രദ്ധേയമായിരുന്നു. ഇതിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട മലപ്പുറം നഗരസഭാ സി.ഡി.എസ് അവതരിപ്പിച്ച നാടകം കോഴിക്കോട്ട് നടന്ന സംസ്ഥാന മത്സരത്തിൽ പങ്കെടുക്കുകയും ഇതിൽ അഭിനയിച്ച ശോഭ വിജയൻ മികച്ച മൂന്നാമത്തെ നടിക്കുള്ള പുരസ്കാരം പങ്കിടുകയും ചെയ്തു. സ്ത്രീശാക്തീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇവർക്ക് പരിശീലനം നൽകി നാടകസംഘങ്ങൾ സജീവമാക്കാനാണ് ശ്രമം.

തിരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ പ്രവർത്തകർ ഉൾപ്പെട്ട ജില്ലാതല ടീമിന് ഇതിനകം നിരവധി അവസരങ്ങൾ ലഭിച്ചു കഴിഞ്ഞു. ശോഭ തിരുവാലി, സതി തവനൂർ, നിർമ്മല വണ്ടൂർ എന്നിവരാണ് ഊർജശ്രീ കലാജാഥയ്ക്കു നേതൃത്വം നൽകുന്നത്. പലർക്കും കുടുംബശ്രീക്കു പുറമെയുള്ള അവസരങ്ങളും ലഭിക്കുന്നുണ്ട്. ശോഭ ഏതാനും ഡോക്യുമെന്ററികളിലും അഭിനയിച്ചു. ഗ്രൂപ്പ് അംഗങ്ങൾക്ക് സംസ്ഥാന സർക്കാർ പരിപാടികൾക്ക് ക്ഷണം ലഭിക്കുന്നുണ്ട്.

## പുകയില വിരുദ്ധ ദിനാചരണം

ആലപ്പുഴ ജില്ലയിൽ മുട്ടാർ സി.ഡി.എസിന്റെ ആഭിമുഖ്യത്തിൽ പുകയിലവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി റാലി സംഘടിപ്പിച്ചു. മുട്ടാർ ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നിന്നാരംഭിച്ച റാലി സി.ഡി.എസ് ചെയർപേഴ്സൺ സതി വേണുഗോപാൽ നയിച്ചു.വിവിധ കുടുംബശ്രീ അംഗങ്ങളും ബാലസഭാംഗങ്ങളും റാലിയിൽ പങ്കെടുത്തു.

നാലാംപേജ് തുടർച്ച ⇨

ഒപ്പം നിലവിലെ സാഹചര്യത്തിൽ അവർ സമൂഹത്തിൽ നിന്നും നേരിടുന്ന പ്രശ്നങ്ങളും. അംഗൻവാടികൾ വഴിയുള്ള പോഷകാഹാര വിതരണം ഫലപ്രദവും കാര്യക്ഷമവുമാക്കണം. സ്കൂളുകളിലെ ഉച്ചഭക്ഷണം രുചികരവും വ്യത്യസ്തവുമാക്കി 18 വയസു വരെ എല്ലാവർക്കും ഉറപ്പാക്കുന്നതിനൊപ്പം വൈകല്യമുള്ളവർക്കുള്ള ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമാക്കണം. സ്കൂൾ പരിസരങ്ങളിലെ മയക്കുമരുന്ന്, മറ്റ് ലഹരിപദാർത്ഥങ്ങൾ എന്നിവ കർശനമായി നിരോധിക്കണം. വിദ്യാഭ്യാസ പ്രവർത്തനങ്ങളോടൊപ്പം വിനോദപരിപാടികൾക്കും കൂടുതൽ ഊന്നൽ നൽകണം. ജീവിതശൈലീ രോഗങ്ങൾ കാരണമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി ഹൈസ്കൂൾതലത്തിൽ കായികപ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകണം. സ്കൂൾ സമയങ്ങളിൽ സ്റ്റുഡന്റ്സ് ഒൺലി ബസ് സൗകര്യം ഏർപ്പെടുത്തുന്നതിനൊപ്പം വിദ്യാർത്ഥികൾക്ക് കൺസഷൻ ഉറപ്പു വരുത്തണം. ഓരോ സ്കൂളിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ടോയ്ലറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കണം. ബാലവേല നിരോധനം കൂടുതൽ കർശനമാക്കുകയും ഇതുമൂലം വിദ്യാഭ്യാസം മുടങ്ങിയവർക്ക് അതു തുടരുന്നതിനുള്ള സാഹചര്യമൊരുക്കുകയും വേണം. എല്ലാ സ്കൂളുകളിലും കൗൺസലർമാരുടെ സേവനം ലഭ്യമാക്കുകയും വേണം. കുട്ടികളുടെ വായനാശീലം വളർത്താനും ഭാഷാപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കാനും പാഠ്യേതര വിഷയങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകണം. കൂടാതെ ശാരീരിക വൈകല്യമുള്ള കുട്ടികൾക്കു വേണ്ടി പ്രത്യേകം ഇംഗ്ളീഷ് മീഡിയം സ്കൂളുകളും അന്ധവിദ്യാർത്ഥികൾക്കുവേണ്ടി സ്ഥിരമായി പ്രത്യേക റിസോഴ്സ് അദ്ധ്യാപകരും. പത്താം ക്ളാസു വരെ പാഠപുസ്തകം സൗജന്യമായി നൽകുന്നതിനൊപ്പം എല്ലാ സ്കൂളിലും മലയാള ഭാഷ നിർബന്ധമാക്കണം. ഹെൽപ് ഡെസ്ക് കാര്യക്ഷമമാണം. അദ്ധ്യാപകന്റെ അദ്ധ്യപനരീതിയും പെരുമാറ്റവും വിശകലനം ചെയ്യാൻ കുട്ടികൾക്ക് അവസരം നൽകണം

കുട്ടികൾക്കായി വിനോദ് അവതരിപ്പിച്ച ബോധവൽക്കരണ പരിപാടി ഏറെ രസകരമായി. ആഭ്യന്തര വകുപ്പ് ജോയിന്റ് സെക്രട്ടറി പി.എസ്.കൃഷ്ണകുമാർ, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ എ.സെയ്ദ്, പഞ്ചായത്ത് ഡയറക്ടറേറ്റ് സൂപ്രണ്ട് ബി.എസ്.സുനിൽ കുമാർ, നിർഭയ പ്രോജക്ട് ഓഫീസർ ഷാരിദ, ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ എസ്.നൂഹു, ഡോ.അനിൽകുമാർ ടി.വി, വനം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, സി.രാധാകൃഷ്ണൻ, വൈൽഡ് ലൈഫ് സീനിയർ കൺസൾട്ടന്റ് ടിനി.ആർ.പിള്ള, ചൈൽഡ് ലൈൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗോപൻ, കുടുംബശ്രീ പ്രോഗ്രാം ഓഫീസർമാരായ എൻ.ജഗജീവൻ, സഞ്ജയ്കുമാർ, ബാലസഭാ സ്റ്റേറ്റ് കൺസൾട്ടന്റ് രഞ്ജിത് തുടങ്ങിയവർ പങ്കെടുത്തു.

## കുടുംബശ്രീ വാർഷികാഘോഷം

കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ 15-ാം ജന്മദിനാഘോഷവും ഐ.ടി ഉപകരണങ്ങളുടെ വിതരണവും മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെയിംസ്തോമസ് പ്ലാക്കിത്തൊട്ടി അധ്യക്ഷത വഹിച്ചു.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്ധ്യ ബാനർജി, ജോസ്മോൻ മുണ്ടയ്ക്കൽ, ജെസി ജോയി, അഡ്വ.വി. ജയപ്രകാശ്, റോസമ്മ സിബി, ജോൺ ജോസഫ്, പി. ചന്ദ്രകുമാർ, ജയശ്രീ ഗോപിക്കുട്ടൻ, പുഷ്പ വിജയകുമാർ തുടങ്ങിയവർ പ്രസംഗിച്ചു.

## യോഗം നടത്തി

കുടുംബശ്രീ ഇടുക്കി ജില്ലാ മിഷന്റെ ആഭിമുഖ്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ മെമ്പർ സെക്രട്ടറിമാർ സി.ഡി.എസ് ചെയർപേഴ്സൺമാർ എന്നിവർ പങ്കെടുത്ത യോഗം പി.ടി.തോമസ് എം. പി ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് പി. വി.സ്കറിയ അദ്ധ്യക്ഷത വഹിച്ചു. ദേശീയ ഗ്രാമീണ ഉപജീവന മിഷനിലൂടെ സംസ്ഥാനത്ത് ഒരു ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കുന്ന പദ്ധതിയുടെ ഭാഗമായി 2013-2014ൽ കുടുംബശ്രീ ജില്ലാ മിഷൻ മുഖേന ജില്ലയിൽ നടപ്പാക്കുന്ന വിവിധ കർമപദ്ധതികൾ രൂപീകരിക്കുന്നതിന്റെ ഭാഗമായാണ് യോഗം നടത്തിയത്

സംഘകൃഷി, സൂക്ഷ്മ സംരംഭങ്ങൾ, വൈദഗ്ധ്യ പരിശീലനം, പ്ളേസ്മെന്റ് തുടങ്ങി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വിവിധ പദ്ധതികളെ കുറിച്ച് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ സൂസൻ ബഞ്ചമിൻ, അസി.കോ-ഓർഡിനേറ്റർമാരായ കെ.എസ്.രാജീവ്, ഷൈൻ.എം. സിറിയക് എന്നിവർ വിശദീകരിച്ചു.

## ഹരിതഗ്രാമം പദ്ധതി

എല്ലാ വീട്ടിലും രാസവള പ്രയോഗമില്ലാതെ ഒരു പച്ചക്കറിയെങ്കിലും ഉൽപാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആലപ്പുഴ ജില്ലയിൽ കടക്കരപ്പള്ളി പഞ്ചായത്ത് എട്ടാം വാർഡിൽ ഹരിതഗ്രാമം പദ്ധതിക്ക് തുടക്കമായി. കുടുംബശ്രീയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

മുളപ്പിച്ച ഹൈബ്രിഡ് വിത്തുകൾ കുടുംബശ്രീ അംഗങ്ങളും വാർഡിലെ കർഷകരും ചേർന്നാണ് ഓരോ വീടുകളിലുമെത്തിക്കുന്നത്. കൃഷിരീതികളടക്കമുള്ള മാർഗനിർദ്ദേശങ്ങൾ നൽകുന്നത് കൃഷി ഓഫീസറാണ്. കുടുംബശ്രീയിലെ 110 പേർ ചേർന്ന് 10 ഏക്കറിൽ പച്ചക്കറിയും 9 ഏക്കറിൽ കപ്പയും 3 ഏക്കറിൽ ബന്തിയും കൃഷി ചെയ്തിരുന്നു. ഇതിന്റെ വിജയമാണ് പുതിയ പദ്ധതിക്ക് പ്രേരിപ്പിച്ചത്.

ചേർത്തല നഗരസഭ ചെയർപേഴ്സൺ ജയലക്ഷ്മി അനിൽകുമാർ പദ്ധതി ഉദ്ഘാടനം ചെയ്തു. വാർഡ് അംഗം ജെ. ജഗദീഷ് അധ്യക്ഷത വഹിച്ചു. കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെയിംസ് ചിങ്കുതറ വിത്തുവിതരണം ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ അസി.കോ-ഓർഡിനേറ്റർ സുജ ഈപ്പൻ, പഞ്ചായത്ത് അംഗങ്ങളായ ആഘോഷ്കുമാർ, ജ്യോതിമോൾ, സതി അനിൽകുമാർ, സി.ഡി.എസ് ചെയർപേഴ്സൺ ജലജ ശശി, കൃഷി ഓഫീസർ എൻ.ജി. വ്യാസ് എന്നിവർ സംസാരിച്ചു.

## സംഘകൃഷി പരിശീലനം

കുടുംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ കുമാരപുരം ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകരായ 300 പേർക്ക് സംഘകൃഷിയിൽ സാങ്കേതിക പരിശീലനം നൽകി.സമാപനസമ്മേളനം ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ആർ. രാജേഷ് ഉദ്ഘാടനം ചെയ്തു.സി.ഡി.എസ് ചെയർപേഴ്സൺ അമ്പിളി ബാബു അധ്യക്ഷത വഹിച്ചു. ലത ശരവണ, എസ്.ഡി. ബേബി, സി. ശ്യാംകുമാർ, ടി.കെ. വിജയൻ, വി. ശ്രീജ, ലീല ഗോകുൽ, മുഹമ്മദ് ഹനീഫ്, സിന്ധു, ഈശ്വരൻ നമ്പൂതിരി, എസ്. ബീന, ശ്രീദേവി എന്നിവർ പ്രസംഗിച്ചു.

## ലിങ്കേജ് വായ്പാ വിതരണം: സംസ്ഥാനതല ഉദ്ഘാടനം നടത്തി




കാനറാ ബാങ്ക് കുടുംബശ്രീ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കായി നടപ്പാക്കുന്ന ലിങ്കേജ് വായ്പാ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് പത്ത് സംഘകൃഷി ഗ്രൂപ്പുകൾക്ക് ബാങ്ക് ലോണിനുള്ള അനുമതി പത്രം നൽകിക്കൊണ്ട് പഞ്ചായത്ത് സാമൂഹ്യനീതി മന്ത്രി ഡോ.എം.കെ.മുനീർ നിർവഹിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി.വത്സലകുമാരി സംസാരിച്ചു. കാനറാ ബാങ്ക് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ രാജീവ് കിഷോർ ദുബൈ, ജനറൽ മാനേജർ ശ്രീറാം, കുടുംബശ്രീ പ്രോജക്ട് ഓഫീസർ ഇന്ദു.പി, തിരുവനന്തപുരം ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ ഗീത ഫിലിപ്പ്, എം.കെ.എസ്.പി റീജിയണൽ കോ–ഓർഡിനേറ്റർ കൃഷ്ണനുണ്ണി എന്നിവർ പങ്കെടുത്തു.

# കാർഷിക വായ്പാ വിതരണ ഉദ്ഘാടനം

## 228 സംഘകൃഷി ഗ്രൂപ്പുകൾക്ക് 2.58 കോടി രൂപയുടെ വായ്പ

ഇടുക്കി ജില്ലയിൽ കുടുംബശ്രീയും കാനറാ ബാങ്കും സംയുക്തമായി നടപ്പാക്കുന്ന കാർഷിക വായ്പാ വിതരണ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം റോഷി അഗസ്റ്റിൻ എം.എൽ.എ നിർവഹിച്ചു. കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശോശാമ്മ.പി.ഡി അദ്ധ്യക്ഷത വഹിച്ചു.

സംഘകൃഷി വ്യാപിപ്പിക്കുന്നതിനും ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് ബാങ്ക് ലിങ്കേജ് വർദ്ധിപ്പിക്കുന്നതിലൂടെ ബാങ്ക് മുഖേനയുള്ള കാർഷിക ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനുമാണ് വായ്പ നൽകുന്നത്. 228 സംഘകൃഷി ഗ്രൂപ്പുകൾക്കായി 2.58 കോടിരൂപയുടെ വായ്പാ വിതരണം നടന്നു. കൂടാതെ ഓണത്തിനു മുമ്പായി ജില്ലയിലെ കഞ്ഞിക്കുഴി, വാഴത്തോപ്പ്, വാത്തിക്കുടി, മരിയാപുരം, കാമാക്ഷി എന്നീ സി,ഡി.എസുകൾക്കും വായ്പാ വിതരണം നടത്തും. ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ സംഘകൃഷി ഗ്രൂപ്പുകൾക്ക് കാർഷിക ആവശ്യങ്ങൾക്കും വിപണന കേന്ദ്രത്തിനും വേണ്ട എല്ലാ സഹായവും നൽകുമെന്ന് എം.എൽ.എ വ്യക്തമാക്കി. കുടുംബശ്രീ പ്രവർത്തകർ ജാഗ്രതാ സമിതികളിൽ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ട് കുട്ടികൾക്കെതിരേയുള്ള അതിക്രമങ്ങൾ തടയുന്നതിൽ മുന്നോട്ടു വരണമെന്നും കാരുണ്യ പോലുള്ള ജീവകാരുണ്യ പദ്ധതികൾ അർഹതയുള്ളവർക്ക് ലഭ്യമാക്കാൻ കുടുംബശ്രീ പ്രവർത്തരുടെ സേവനം അനിവാര്യമാണെന്നും എം.എൽ.എ പറഞ്ഞു.

പരിപാടിയിൽ 1800ഓളം സംഘകൃഷി അംഗങ്ങൾ പങ്കെടുത്തു. സി.ഡി.എസ് ചെയർപേഴ്സൺ പൊന്നമ്മ കുട്ടപ്പൻ സ്വാഗതം പറഞ്ഞു. കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ സൂസൻ ബെഞ്ചമിൻ വായ്പാ പദ്ധതിയെ കുറിച്ച് വിശദീകരിച്ചു. ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ.ജോർജി ജോർജ്, കാനറാ ബാങ്ക് ചീഫ് മാനേജർ വി.രാമസ്വാമി, അസി.ജില്ലാമിഷൻ കോ–ഓർഡിനേറ്റർ സെലീനാമ്മ. എം.കെ.എസ്.പി. കൺസൾട്ടന്റ് ആഷ്‌ലി ബോബി, കെ.പി, എന്നിവർ പങ്കെടുത്തു. മെമ്പർ സെക്രട്ടറി നോബി.എം.ഐസക് കൃതജ്ഞത അറിയിച്ചു.



## സംവാദം @ 0-18

# കുട്ടികൾ ഒരേ സ്വരത്തിൽ പറഞ്ഞു, "ഞങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റിത്തരൂ"

## കുട്ടികളുടെ അവകാശങ്ങൾ തിരിച്ചറിഞ്ഞ് കുടുംബശ്രീ ബാലസഭാംഗങ്ങൾ



തങ്ങളുടെ അവകാശങ്ങളും ആവശ്യങ്ങളും എന്തെന്ന് തിരിച്ചറിയാനും അതിനുവേണ്ടി ശബ്ദമുയർത്താനും കഴിയുന്നവരാണ് കുട്ടികൾ എന്ന് തെളിയിച്ചുകൊണ്ടാണ് കുടുംബശ്രീയും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനും സംയുക്തമായി നടത്തിയ സംവാദം @0–18 അവസാനിച്ചത്. സംസ്ഥാന മൊട്ടാകെയുള്ള ജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത കുടുംബശ്രീ ബാലസഭാംഗങ്ങളാണ് സംവാദത്തിൽ പങ്കെടുത്തത്,

വിവിധ ജില്ലകളിൽ നിന്നെത്തിയ ബാലസഭാംഗങ്ങളെ നാലു ഗ്രൂപ്പായി തിരിച്ചു കൊണ്ടാണ് സംവാദത്തിന് തുടക്കമിട്ടത്. വിദ്യാഭ്യാസം–വളർച്ചയ്ക്കൊരു കൈത്താങ്ങ്, പ്രകൃതിയും കുട്ടിയും, കുട്ടികളുടെ സുരക്ഷ, ആരോഗ്യം എന്നീ വിഷയങ്ങളിലായിരുന്നു കുട്ടികളുടെ ചർച്ച. ഓരോ ഗ്രൂപ്പിലും ഉൾപ്പെട്ട കുട്ടികൾ തങ്ങൾക്ക് ലഭിച്ച വിഷയം ചർച്ച ചെയ്ത ശേഷം തങ്ങൾ നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി സംസാരിക്കുക എന്നതായിരുന്നു നിർദേശം. ചർച്ചയിൽ പങ്കെടുത്ത കുട്ടികളെല്ലാം തങ്ങളുടെ ആവശ്യങ്ങൾ, തങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ, അവയുടെ പരിഹാരം എന്നിവയെക്കുറിച്ച് വ്യക്തവും സ്വതന്ത്രവുമായ അഭിപ്രായങ്ങളാണ് അധികാരികളുടെ മുന്നിൽ നിരത്തിയത്. വിവിധ ഗ്രൂപ്പുകൾ ചർച്ച ചെയ്ത വിഷയങ്ങളും അതിൽ നിന്നും കുട്ടികൾ മുന്നോട്ടുവച്ച ആവശ്യങ്ങളും.

ഡോ.അമർ ഫെറ്റയിൽ,ഡോ. അനിൽകുമാർ.ടി.വി എന്നിവരുടെ നേതൃത്വത്തിൽ ആരോഗ്യമേഖലയിൽ കുട്ടികളുടെ അവകാശത്തെക്കുറിച്ചായിരുന്നു ഗ്രൂപ്പ് ഒന്നിലെ ചർച്ച. പൂജ്യം മുതൽ 18 വയസുവരെയുള്ള കാലയളവിൽ കുട്ടികൾക്ക് ലഭ്യമാകേണ്ട വിവിധ അവകാശങ്ങളും ആവശ്യങ്ങളും ബാലസഭാംഗങ്ങളായ അതുല്യ(കാസർകോട്)യും സൂര്യജിത്തും (കൊല്ലം) അവതരിപ്പിച്ചു. നല്ല ആഹാരം ലഭിക്കുന്നതിനുള്ള അവകാശം, ആരോഗ്യകരമായ ജീവിതം, ആരോഗ്യത്തോടെ വളരാനുള്ള അന്തരീക്ഷം, അപകടങ്ങളിൽ നിന്നുള്ള രക്ഷ എന്നിവയ്ക്കാണ് ഗ്രൂപ്പ് അംഗങ്ങൾ ഊന്നൽ നല്കിയത്.

പൂജ്യം മുതൽ രണ്ട് വയസുവരെയുള്ള കുട്ടികൾക്ക് മുലപ്പാൽ നിർബന്ധമാക്കുന്നതിനൊപ്പം അമ്മമാരുടെ ആരോഗ്യസംരക്ഷണത്തിന് പോഷകാഹാരം ലഭ്യമാക്കണം. അംഗൻവാടിയിൽ ഫസ്റ്റ് എയ്ഡ് ബോക്സ് നിർബന്ധമാക്കുന്നതിനൊപ്പം അംഗൻവാടി ടീച്ചർക്ക് ഫസ്റ്റ് എയ്ഡിനെക്കുറിച്ച് ബോധ്യമുണ്ടെന്ന് ഉറപ്പുവരുത്തണം. അംഗൻവാടികളിലെ അടുക്കളയുടെ ശുചിത്വം ഉറപ്പാക്കണം. കുട്ടിക്ക് പ്രകൃതിയുമായുള്ള ബന്ധം വളർത്തണം.

രണ്ട് മുതൽ അഞ്ച് വയസ് വരെയുള്ള കുട്ടികൾക്ക് അംഗൻവാടിയിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിനൊപ്പം വൈദ്യുതി, വെളിച്ചം, കാറ്റ്, പൂന്തോട്ടം, വെള്ളം എന്നിവയും ഉണ്ടായിരിക്കണം. അംഗൻവാടി ടീച്ചർക്ക് കുട്ടികളോട് സ്നേഹവും സൗമ്യതയുമുള്ള മനോഭാവമുണ്ടായിരിക്കണം. അംഗൻവാടിയിലെ ടോയ്‌ലറ്റ് വൃത്തിയായിരിക്കണം. ആവശ്യത്തിനു വെള്ളവും വെളിച്ചവും വേണം. ഭക്ഷണത്തിനു മുമ്പും ടോയ്‌ലറ്റിൽ പോയതിനു ശേഷവും കൈകൾ സോപ്പുപയോഗിച്ച് കഴുകുന്നതിനും തൂവാല ഉപയോഗിക്കുന്നതിനും കുട്ടികളെ പരിശീലിപ്പിക്കണം. സ്കൂളിൽ അടുക്കളത്തോട്ടം വേണം. കുട്ടികളുടെ ഭക്ഷണത്തിൽ പപ്പായ ഉൾപ്പെടുത്തണം.

ആറു മുതൽ പത്തു വയസുവരെയുള്ള കുട്ടികളെ ശരിയായി പരിപാലിക്കാൻ മാതാപിതാക്കൾക്ക് പരിശീലനം നൽകണം. കുഞ്ഞുങ്ങൾക്ക് മാനസിക പിന്തുണ നൽകുന്ന കുടുംബാന്തരീക്ഷവും ആരോഗ്യകരമായ കുടുംബബന്ധങ്ങളും സൃഷ്ടിക്കണം. സ്കൂളിൽ ചുറ്റുമതിൽ കെട്ടിയ നല്ല കളിമുറ്റം വേണം. കൂടാതെ അദ്ധ്യാപകരും കുട്ടികൾക്കൊപ്പം കളിക്കാൻ തയ്യാറാകണം.

11 മുതൽ 18 വയസ് വരെയുള്ള കുട്ടികൾക്ക് ലഭ്യമാക്കേണ്ട ആവശ്യങ്ങൾ ഏറെ ശ്രദ്ധേയമായി. സ്കൂളുകളിൽ സമീകൃതാഹാരം നിർബന്ധമാക്കുന്നതിനൊപ്പം പോഷകമൂല്യവും ഉറപ്പുവരുത്തണം. ഒപ്പം ഭക്ഷണത്തിന്റെ ഗുണനിലവാരവും. വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ വ്യത്യസ്ത ആഹാരപദാർത്ഥങ്ങൾ ഉൾപ്പെടുത്തണം. കൂടാതെ സ്കൂളുകളിൽ ഹെൽത്ത് ക്ളബ്ബുകൾ സജ്ജീകരിക്കുകയും അവയുടെ മേൽനോട്ടത്തിൽ പാചകപ്പുരയുടെ ശുചിത്വം ഉറപ്പുവരുത്തുകയും ചെയ്യണം. ആരോഗ്യവകുപ്പ് അധികൃതരുടെ സാന്നിദ്ധ്യത്തിൽ തന്നെ സ്കൂളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തണം. ഒന്നാംക്ലാസ് മുതൽ 12–ാം ക്ലാസ് വരെ സമീകൃതാഹാരം നിർബന്ധമാക്കണം. കുട്ടികളുടെ പഠനകാര്യത്തിൽ മാത്രമല്ല, ആരോഗ്യകാര്യത്തിലും പി.ടി.എയുടെ ഇടപെടൽ ശക്തമാക്കണം. ഇതോടൊപ്പം അദ്ധ്യാപകരും കുട്ടികളും തമ്മിൽ ആരോഗ്യകരമായ സൗഹൃദാന്തരീക്ഷം വളർത്തണം.

സ്കൂളുകളിൽ ശരിയായ മാലിന്യ നിർമാർജന പ്രക്രിയ നടപ്പാക്കാനുള്ള പരിശീലനവും അറിവും കുട്ടികളിലും അധ്യാപകരിലും വളർത്തിയെടുക്കാനുള്ള നടപടികൾ വേണം. സ്കൂളിൽ ഹെൽത്ത് ക്ലബ് ഉണ്ടാക്കുകയും നിലവിലുള്ള ഹെൽത്ത് ക്ലബുകൾ ശക്തിപ്പെടുത്തുകയും വേണം. കുട്ടികളുടെ ആരോഗ്യ സുരക്ഷയുടെ ഭാഗമായി സ്കൂളുകളിൽ ആരോഗ്യ കൗൺസലിംഗ് ആരംഭിക്കുകയും ഒപ്പം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും വേണം. എല്ലാ മാസവും കുട്ടികളുടെ വളർച്ച (ഉയരവും തൂക്കവും) പരിശോധിക്കണം. പെൺസൗഹൃദ ടോയ്‌ലറ്റുകൾ നിർബന്ധമാക്കുന്നതിനൊപ്പം അതിന്റെ ശുചിത്വം ഉറപ്പാക്കണം. വെള്ളം, വെളിച്ചം, വാതിൽ എന്നീ സൗകര്യങ്ങൾ ഉറപ്പാക്കണം. കൗമാരക്കാരായ കുട്ടികളിൽ മദ്യവും ലഹരിപദാർത്ഥങ്ങളും അതോടൊപ്പം അശ്ലീല ചിത്രങ്ങളും.എത്തുന്നത് തടയാനുള്ള നിയമങ്ങൾ കർശനമാക്കണം. കുട്ടികൾക്കിടയിലെ വഴക്കുകൾ അദ്ധ്യാപകർ രമ്യമായി പരിഹരിക്കുന്നതിനൊപ്പം സ്കൂളൂകളിൽ പരാതിപ്പെട്ടി സ്ഥാപിക്കണം. കൗമാരപ്രായക്കാരായ കുട്ടികൾക്കുള്ള ബോധവൽക്കരണ ക്ളാസുകൾ സംഘടിപ്പിക്കണം. സ്കൂളിലെ വാട്ടർടാങ്കുകൾ മാസത്തിൽ ഒരു തവണയെങ്കിലും വൃത്തിയാക്കണം.പഠനവൈകല്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനും അവർക്ക് പിന്തുണാസംവിധാനം രൂപീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യണം.

ഗ്രൂപ്പ് രണ്ടിലെ പ്രകൃതിയും കുട്ടികളും എന്ന വിഷത്തിൽ കണ്ണൂർ ജില്ലയിലെ ബാലസഭാംഗവുമായ സ്വാതി ചന്ദ്രനാണ് റിപ്പോർട്ട് അവതരിപ്പിച്ചത്. പണ്ടത്തെ പോലെ പ്രഭാതങ്ങളിൽ ഇപ്പോൾ പക്ഷികളെ കാണാനോ അവയുടെ ശബ്ദം കേൾക്കാനോ കഴിയുന്നില്ല, പകരം വാഹനങ്ങളുടെ ഇരമ്പലാണ് കേൾക്കുന്നതെന്ന അഭിപ്രായം കുട്ടികളുടെ പ്രകൃതി നിരീക്ഷണത്തിന്റെ ഏറ്റവും നല്ല ഉദാഹരണമായി. അനധികൃത മരം മുറിക്കൽ നിരോധിക്കുന്നതിനൊപ്പം പ്ളാസ്റ്റിക് ഉപയോഗം പൂർണമായും നിർത്തലാക്കണം. പ്ളാസ്റ്റിക്കിനു പകരം പ്രകൃതിദത്ത ഉൽപന്നങ്ങൾ ഉപയോഗിക്കണം.മണ്ണിനെയും പ്രകൃതിയെയും അറിഞ്ഞു വളരാനുള്ള സാഹചര്യം കുട്ടികൾക്കു ലഭ്യമാക്കണം. അതോടൊപ്പം ജൈവക്കൃഷിയെയും ജൈവവളം ഉപയോഗിക്കുന്നതിനേയും പ്രോത്സാഹിപ്പിക്കണം. വൃത്തിയുള്ള തോടുകളും പുഴകളും കുട്ടികളുടേയും അവകാശമാണ്. അതിനാൽ വൃത്തിഹീനമായ കുളങ്ങളും കനാലുകളും സംരക്ഷിക്കണം. കുട്ടികൾക്ക് മണ്ണിനെയും കൃഷിയേയും അടുത്തറിയാനും സ്നേഹിക്കാനുമുള്ള പ്രായോഗിക പരിചയം നൽകണം. ശുദ്ധവായു ലഭ്യമാക്കുന്നതിന് ആൽമരങ്ങൾ കൂടുതലായി നട്ടുപിടിപ്പിക്കണം.

നെൽപാടങ്ങൾ നികത്തുന്നതിനെതിരേ കർശന നടപടി സ്വീകരിക്കണം. വന–ജന്തുജീവിജാലങ്ങളുടെ സംരക്ഷണത്തിന് മുൻഗണന നൽകണം. മണ്ണിലേക്ക് വെള്ളം കൂടുതൽ ഇറങ്ങുന്നതിനും വരൾച്ച തടയുന്നതിനും മഴക്കുഴികൾ നിർമിക്കണം. മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ നിരോധിക്കുകയും നാട്ടിൽ സമൃദ്ധമായി കിട്ടുന്ന ഫലവർഗങ്ങൾ പ്രോത്സാഹിപ്പിക്കുകയും വേണം. സൗരോർജം, കാറ്റ് തുടങ്ങിയ ഊർജസ്രോതസ്സുകൾ ഉപയോഗിക്കണം.

കുട്ടികളുടെ സുരക്ഷ എന്നതായിരുന്നു ഗ്രൂപ്പ് മൂന്നിന് നൽകിയ വിഷയം. കുട്ടികൾക്കെതിരേയുള്ള അതിക്രമങ്ങൾ വർദ്ധിച്ച സാഹചര്യത്തിൽ ഗ്രൂപ്പ് ലീഡറും കണ്ണൂർ ജില്ലയിലെ ബാലസഭാംഗമായ കൃഷ്ണപ്രിയ അവതരിപ്പിച്ച നിർദേശങ്ങൾ ഏറെ ശ്രദ്ധേയമായി. വീടുകളിലും വിദ്യാലയത്തിലും ഇന്ന് കുട്ടികൾ ഒരു പോലെ പീഡിപ്പിക്കപ്പെടുന്നു. കുട്ടികളെ കൊണ്ടുപോകുന്ന വാഹനങ്ങളിൽ അവർക്ക് എല്ലാ വിധ സുരക്ഷയും ഉറപ്പാക്കണം. സ്വകാര്യ ബസുകളിൽ പലപ്പോഴും കുട്ടികളെ കയറ്റുന്നില്ല. കുട്ടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന



സ്ഥാപനങ്ങളെക്കുറിച്ച് മാതാപിതാക്കൾ, അദ്ധ്യാപകർ, പൊതുജനങ്ങൾ എന്നിവർക്ക് ബോധവൽക്കരണം നടത്തണം. വ്യത്യസ്ത കഴിവുകളുള്ള കുട്ടികളെ കണ്ടെത്തുന്നതിന് അദ്ധ്യാപകർ മുൻകൈയടുക്കണം. കുട്ടികൾക്ക് ജീവിത വൈദഗ്ധ്യ വിദ്യാഭ്യാസവും കായിക പരിശീലനവും നൽകണം. അദ്ധ്യാപകർ പലപ്പോഴും പൂർണമായി സഹകരിക്കാത്തതിനാൽ കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ തുറന്നു പറയാൻ കഴിയുന്നില്ല.

ഗ്രൂപ്പ് നാലിൽ തിരുവനന്തപുരം ജില്ലയിലെ നേമത്തുനിന്നുള്ള ബാലസഭാംഗം അലീന.എൻ വിദ്യാഭ്യാസം–വളർച്ചയ്ക്കൊരു കൈത്താങ്ങ് എന്ന വിഷയത്തിൽ റിപ്പോർട്ട് അവതരിപ്പിച്ചു.

ശേഷം മൂന്നാം പേജ് കാണുക ⇨

Printed and published by K.B.Valsalakumari, Executive Director, Kudumbashree, State Poverty Eradication Mission- Government of Kerala, 2ndFloor, TRIDA Building, Chalakkuzhi Road, Medical College P.O., Thiruvananthapuram 695011. Layout: Communique, Tvpm, Printed at: KBPS, Kochi. Managing Editor: Abbey Paul. Editor: Sanjay Kumar. Editorial Assistant: Asha.S. Panicker.
email: spempro2012@gmail.com
For private circulation